13th YEAR

# വേദാഭിമാനി

Vol.13 | No.6 | കാർത്തികപ്പള്ളി | R.No. 7361/02 | 2013 JUNE

വേദപുസ്തക സത്യത്തിലേക്ക് ഒരു ജാലകം : സത്യത്തിന് സാക്ഷി

e-paper : vedabhimani

## ശത്രുവുമായി ചങ്ങാത്തം





ബന്ധുക്കൾ ശത്രുക്കളാകുന്ന ഇന്നിന്റെ തലതിരിഞ്ഞ സത്യത്തിനു മുന്നിൽ പകച്ചു നിൽക്കുന്നവർക്കു ദംഷ്ട്രയെ സ്നേഹം കൊണ്ടു കീഴ്പ്പെടുത്തിയ മധ്യവയസ്കരായ സാംബിയൻ ദമ്പതികളുടെ കഥയിലേക്കു സ്വാഗതം.

ശത്രുവുമായി ചങ്ങാത്തം സ്വന്തമാക്കണമെങ്കിൽ അല്പം മനക്കരുത്തുവേണം. അപകടകാരികളെ അടുത്തറിയാൻ ക്ഷമ വേണം. അഡാൽബേർട്ടോ മാൻഗിനിയും ലോറ ബോൺഗിയോർനിയും സിംഹം, ചീറ്റ തുടങ്ങിയവയുമായി അടുത്തിടപഴകുന്നു. തോളിൽ കൈയിടാൻ വരെയുള്ള സ്വാതന്ത്ര്യമെന്നു മനുഷ്യഭാഷയിൽ ആ വിചിത്രബന്ധങ്ങളെ വിശേഷിപ്പിക്കാം. വംശനാശഭീഷണി നേരിടുന്ന മൃഗങ്ങളുടെ വംശവർധനയ്ക്കു സഹായകമായ പദ്ധതിയുടെ ഭാഗമായാണ് ഈ ദമ്പതികൾ വന്യമൃഗങ്ങളുമായി ചങ്ങാത്തം കൂടിയത്.

ആഫ്രിക്കയെന്ന പേരിനൊപ്പം വലിയ ചീറ്റകളും മനസിൽ തെളിയുന്നു. സിംഹങ്ങളും ചീറ്റകളുമായി അഡാൽബേർട്ടോ മാൻഗിനി-ലോറ ബോൺഗിയോർനി ദമ്പതികൾ കളിക്കുന്നു, നടക്കുന്നു, ഉറങ്ങുന്നു, ഉണ്ണുന്നു... മൂന്നു ചീറ്റകളുമായി കളികളിലേർപ്പെടുന്ന ലോറയുടെ ചിത്രം സുഹൃത്തുക്കളെപ്പോലും അത്ഭുതപ്പെടുത്തി. സെയിൽസ് മാനേജരായ അഡാൽബേർട്ടോയുടെ സ്വദേശം ഇറ്റലിയിലെ മിലാൻ.

## മുസ്ലീം ക്രിസ്ത്യൻ ദേവാലയം





ഇസ്ലാം മത വിശ്വാസികൾക്കായി ക്രിസ്ത്യൻ ദേവാലയം പ്രാർത്ഥനയ്ക്കായി തുറന്നുകൊടുത്തു.

ആബേർടീൻ എന്ന സ്ഥലത്തെ സെന്റ് ജോൺസ് എപിസ്കോപ്പൽ ചർച്ചാണ് മസ്ലീം സഹോദരന്മാർക്ക് പ്രാർത്ഥിക്കാനായി പാതിഭാഗം തുറന്നു കൊടുത്തിരിക്കുന്നത്. അഞ്ചു നേരത്തായി നൂറു കണക്കിനു മുസ്ലീങ്ങളാണ് ദേവാലയത്തിൽ നമസ്ക്കരിക്കാൻ എത്തുന്നത്.

ഈ ചർച്ചിനു സമീപത്തായി ഒരു മുസ്ലീം ദേവാലയമുണ്ടായിരുന്നു. വളരെ ചെറുതായിരുന്നു മുസ്ലീം ദേവാലയം. അതുകൊണ്ടുതന്നെ നമസ്കരിക്കാൻ എത്തുന്നവർക്ക് പള്ളി നിറഞ്ഞതിനാൽ റോഡിലും വഴിവക്കിലും മഴയും വെയിലുമൊക്കെയേറ്റ് പ്രാർത്ഥിക്കേണ്ട അവസ്ഥയായിരുന്നു. ഇതു കണ്ടിട്ടാണ് ചർച്ച് വികാരി റവ. ഐസക് പൂബലൻ മുസ്ലീങ്ങളെ തങ്ങളുടെ ദേവാലയത്തിലേക്ക് നമസ്കരിക്കാൻ ക്ഷണിച്ചത്. ഇതാദ്യമായിട്ടാണ് യു.കെ.യിൽ ഇതുപോലൊരു സംഭവം നടക്കുന്നത്.

## പ്രകൃതി വീട്






സ്വന്തമായി ഒരു കൂരയായാൽ ജീവിതം പാതിസ്വസ്ഥമായ പോലെ. അതു മനസിനിണങ്ങിയതു കൂടിയാണെങ്കിലോ... വെയിൽസിലെ ചാർലി ഹാഗൂ-മെഗാൻ വില്യംസ് ദമ്പതികൾ പ്രകൃതിക്കിണങ്ങിയ കൂരകൂട്ടി. എട്ടുപത്തു മാസങ്ങൾക്കകം വീടുപണി തീർന്നു. ചെലവായത് 15000 പൗണ്ട്. പുല്ലുമേഞ്ഞ കൂര. ചുവരുകൾ തടിയിൽ... അങ്ങനെ പുല്ലിലും തടിയിലും മെനഞ്ഞ പ്രകൃതിവീട്.

ചാർലി ഹാഗൂ-മെഗാൻ വില്യംസ് ദമ്പതികൾക്ക് ഒരേ പ്രായം. 25 വയസ്. അവരുടെ പ്രകൃതിവീടിന് ഏതാനുംമാസം പ്രായം. വൃത്തവും കോണും ചതുരവും ഒത്ത വീട്. കഴിഞ്ഞ സമ്മറിനു ശേഷമാണു വീടുപണി തുടങ്ങിയത്. അതിനു മുമ്പ് കാരവാനായിരുന്നു ഇവരുടെ സ്നേഹവീട്. പടിഞ്ഞാറൻ വെയിൽസിൽ അച്ഛനിൽനിന്നു കിട്ടിയ ഭൂമിയിലാണു ചാർലി വീടുപണി തുടങ്ങിയത്. കടിഞ്ഞൂൽ കൺമണി ഏലിയെത്തുന്നതിന് ഏതാനും ദിവസം മുമ്പാണു പ്രകൃതിവീടു പൂർത്തിയായത്. വൈക്കോലും പുല്ലും കുമ്മായവും ചേർത്തു ചുവരുകൾ മെനഞ്ഞു. സ്വപ്നവീടിന്റെ പ്ലാനിന് സർക്കാർ അനുമതി തേടാതെ യാണ് അവർ സാക്ഷാത്കാരം നൽകിയത്. പക്ഷേ, പെംബ്രോക്ക്ഷയർ കൗണ്ടി കൗൺസിലിലെ പ്രാദേശിക ഭരണകൂടം ഇപ്പോൾ കടുത്ത നിലപാടുമായി രംഗത്തുവന്നിരിക്കുന്നു. വീടു പൊളിച്ചടുക്കണമെന്നാണ് അവരുടെ ഓർഡർ. ഒറ്റ ബെഡ് റൂം വീട് പ്രദേശത്തിന്റെ ഗ്രാമീണമുഖത്തിന് അപവാദമാണെന്നാണ് കൗണ്ടി അധികാരികളുടെ കണ്ടെത്തൽ. പക്ഷേ, ദമ്പതികൾക്കിതു കളിവീടല്ല, സ്പനഭവനമാണ്. സ്വന്തം മണ്ണിൽ തീർത്ത കൊച്ചുകൂര. അതിനാൽ വീടു രക്ഷിച്ചേ മതിയാവൂ. വീടിന്റെ സ്കെച്ച് സമർപ്പിച്ച് അംഗീകാരം നേടാനുള്ള നെട്ടോട്ടത്തിലാണ് ചാർലിയും മെഗാനും.


## സ്കെച്ച് ഇൻസൈറ്റ്



വൈറ്റ് ബോർഡിൽ ചിത്രം വരച്ചു തുടങ്ങുമ്പോൾ തന്നെ മനസ്സിലിരുപ്പ് മനസ്സിലാക്കി ബോർഡ് സ്വയം ആ ചിത്രം പൂർത്തിയാക്കുന്നു. എന്ത് സൗകര്യമായിരിക്കുമല്ലേ; ക്ലാസെടുക്കാനും വിഷയങ്ങൾ അവതരിപ്പിക്കാനുമൊക്കെ!

'സ്കെച്ച് ഇൻ സൈറ്റ്' എന്ന പേരിൽ ഇത്തരമൊരു വൈറ്റ് ബോർഡിന്റെ പ്രാഥമികരൂപം ഉണ്ടാക്കിയിരിക്കുകയാണ് മൈക്രോസോഫ്റ്റ്. എങ്ങനെയാണ് സ്കെച്ച് ഇൻ സൈറ്റ് പ്രവർത്തിക്കുന്നതെന്ന് കാണിക്കുന്ന ഒരു വീഡിയോ യൂട്യൂബിൽ മൈക്രോസോഫ്റ്റ് റിസർച്ച് പോസ്റ്റു ചെയ്തിട്ടുണ്ട്. മൾട്ടിടച്ച് സങ്കേതം പോലെ യൂസർക്ക് ഇടപഴകാൻ കഴിയുന്ന വിദ്യയാണ് സ്കെച്ച് ഇൻ സൈറ്റ്.

## യാത്രയായി



*"പോയൊരു ദിവസം അതുപോലെ*
*ഭൂവിലെ വാസവും നീങ്ങിപ്പോകും...*
*വീടുമില്ലാരുമില്ലൊന്നുമില്ലീ*
*ലോകത്തിലെനിക്കെന്നോർക്കുകനീ.*
*വിട്ടകലും നീയൊരുനാളിൽ*
*ഉണ്ടെന്നു തോന്നുന്ന സകലത്തേയും"*

**എം. മാത്യു**

**എന്റെ പ്രിയ പിതാവ് ആഗ്രഹിച്ച് പ്രാർത്ഥിച്ചതുപോലെ മരണം വഴിയായി കർത്താവിന്റെ മുഖം കാണാൻ കടന്നുപോയിരിക്കുന്നു. യാത്രയയപ്പ് യോഗത്തിൽ പങ്കെടുത്ത എല്ലാ പ്രിയപ്പെട്ടവർക്കും നന്ദി.**


**ഈ ഭൂമിയിൽ സ്വന്തമെന്നു പറയാൻ ആരുമില്ലെന്നും ഒന്നുമില്ലെന്നും നിക്ഷേപം സ്വർഗ്ഗീയ ബാങ്കിലായാരിക്കണമെന്നും, ആ ബാങ്ക് മാത്രമാണ് സുരക്ഷിതമെന്ന് ഓർമ്മപ്പെടുത്തി കടന്നുപോയ, ഒന്നുകൂടെ മനസു പുതുക്കി രൂപാന്തരപ്പെടാൻ എന്നെ സഹായിച്ച നല്ല പിതാവിന് നന്ദി.** -വേദാഭിമാനി

ടൈറ്റസ് കാർത്തികപ്പള്ളി

## സ്ട്രാഡ്ലിങ് ബസ്



തിരക്കേറിയ നഗരത്തിൽ ട്രാഫിക് ബ്ലോക്കു കൊണ്ട് നട്ടംതിരിയാറുണ്ടോ? എങ്കിലിതാ ട്രാഫിക് ബ്ലോക്കുകളെ കൈകാര്യം ചെയ്യുന്ന ഒരു ബസ്സ്! ചൈനയിലെ യുഷോസോങ് എന്ന കമ്പനിയാണ് ഈ ബസ്സ് നിർമ്മിച്ചിട്ടുള്ളത്. സ്ട്രാഡ്ലിങ് എന്ന് വിളിക്കുന്ന ഈ ബസ്സിന് 4.2 മീറ്റർ ഉയരവും റോഡിലെ രണ്ട് ലൈനുകൾ ഉൾക്കൊള്ളുന്ന വീതിയുമുണ്ട്. ബസ് ഓടുമ്പോഴും ആളുകളെ കയറ്റുമ്പോഴും മറ്റു വാഹനങ്ങൾക്ക് ഈ ബസ്സിന്റെ അടിയിലൂടെ സുഖമായി പോകാൻ സാധിക്കും എന്നതാണ് ഇതിന്റെ പ്രത്യേകത. മറ്റു വാഹനങ്ങൾക്ക് പോകാൻ ഈ വാഹനം ഒരു തടസ്സവും ഉണ്ടാക്കുന്നില്ല എന്നതിനാൽ ബ്ലോക്കുകളുടെ പ്രശ്നം ഉദിക്കുന്നേ ഇല്ല.



# ഉത്ഥാനം
## അനുദിനജീവിതത്തിൽ




**മാ**ന്ത്രികരുടെ മാന്ത്രികനായി കരുതപ്പെട്ടിരുന്ന ഒരു അത്ഭുത പ്രതിഭാസമായിരുന്നു ഹാരിഹുഡീനി. ഹംഗറിയിലെ ബുഡപ്പെസ്റ്റിൽ ജനിച്ച അദ്ദേഹം എറിക് വീസ് എന്നായിരുന്നു ആദ്യം അറിയപ്പെട്ടിരുന്നത്. ചെറുപ്രായത്തിൽ മാതാപിതാക്കളോടും സഹോദരങ്ങളോടുമൊപ്പം അമേരിക്കയിൽ എത്തിയ അദ്ദേഹം മാജിക് രംഗത്തേക്കു കടന്നപ്പോഴാണു ഹുഡീനി എന്ന പേരു സ്വീകരിച്ചത്.

ജാലവിദ്യയിൽ ഹുഡീനിയെ വെല്ലുവാൻ അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ആരുമില്ലായിരുന്നു. ചീട്ടുകളിക്കുന്ന കാർഡുകൊണ്ടുള്ള മാജിക്കുകളായിരുന്നു ആദ്യകാലഘട്ടത്തിൽ അദ്ദേഹം ചെയ്തിരുന്നത്. എന്നാൽ പിന്നീട് അദ്ദേഹം വലിയ ഒരു 'എസ്കെയ്പ് ആർട്ടിസ്റ്റ്' ആയി മാറി. ആര് എവിടെ ഏതു രീതിയിൽ അദ്ദേഹത്തെ പൂട്ടിയിട്ടാലും നിമിഷനേരം കൊണ്ട് ആ പൂട്ടുകൾ തകർത്തു വെളിയിൽ കടക്കുന്നതിൽ വിദഗ്ധനായിരുന്നു ഹുഡീനി. അങ്ങനെയുള്ള മാജിക്കിലൂടെയാണ് അദ്ദേഹം ലോകപ്രസിദ്ധനായി മാറിയത്.

അസുഖം മൂലം ഹുഡീനി അമ്പത്തിരണ്ടാം വയസിൽ മരിക്കുമ്പോൾ അദ്ദേഹത്തിന്റെ ശവപ്പെട്ടി ചുമന്നവർ വിവിധ രംഗങ്ങളിൽ പ്രശസ്തരായ വ്യക്തികളായിരുന്നു. ഹുഡീനിയുടെ ശവപ്പെട്ടി ചുമക്കുമ്പോൾ അവരിലൊരാൾക്കു സംശയം. എവിടെ നിന്നും ഞൊടിയിടയിൽ രക്ഷപ്പെടുവാൻ അസാധാരണ കഴിവുണ്ടായിരുന്ന ഹുഡീനി മരണത്തിന്റെ പിടിയിൽ നിന്നും രക്ഷപ്പെട്ടിട്ടുണ്ടാവുമോ?

ശവപ്പെട്ടി അന്നാട്ടിലെ പതിവനുസരിച്ച് അടച്ചിരുന്നതുകൊണ്ടും ശവപ്പെട്ടിക്കു വലിയ ഭാരം തോന്നാതിരുന്നതുകൊണ്ടും കൂടിയാണു അയാൾക്ക് അങ്ങനെ സംശയം തോന്നിയത്. അയാൾ പിന്നിലേക്കു തിരിഞ്ഞു തന്റെ കൂടെ ശവപ്പെട്ടി വാഹകനായിരുന്ന മറ്റൊരാളോടു ചോദിച്ചു–'ഹുഡീനി ഈ ശവപ്പെട്ടിയിലുണ്ടെന്ന് ഉറപ്പുണ്ടോ?' ചോദ്യം കേട്ടയാൾ വെറുതെ പുഞ്ചിരിച്ചതേയുള്ളു.

ആര് എവിടെ എങ്ങനെ പൂട്ടിയിട്ടിരുന്നാലും ആ പൂട്ടുകളിൽ നിന്നെല്ലാം പുറത്തു കടക്കുവാനുള്ള കഴിവു ഹുഡീനിക്ക് ഉണ്ടായിരുന്നു. എന്നാൽ, മരണത്തിന്റെ പിടിയിൽ നിന്നു രക്ഷപ്പെടുവാനുള്ള കഴിവ് ലോകം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും കേമനായ 'എസ്കെയ്പ് ആർട്ടിസ്റ്റ്' ആയിരുന്ന ഹുഡീനിക്കു ഇല്ലായിരുന്നു. ആ കഴിവു ലോകചരിത്രത്തിൽ ഒരേ ഒരാൾക്കേ ഉണ്ടായിരുന്നുള്ളു. യേശുക്രിസ്തുവിനു മാത്രം.

ക്രൈസ്തവസഭാ വിഭാഗങ്ങൾ എത്രയുണ്ടായാലും അവരുടെ വിശ്വാസ പ്രമാണങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും എന്തൊക്കെ മാറ്റമുണ്ടായാലും ഒരു വിശ്വാസത്തിൽ അവർക്കു യോജിപ്പുണ്ട് - യേശുക്രിസ്തു കുരിശിൽ മരിച്ചുവെന്നും കല്ലറയിൽനിന്നു മൂന്നാം നാൾ ഉയിർത്തുവെന്നുമുള്ള കാര്യത്തിൽ. ക്രിസ്തുവിന്റെ ഉയിർപ്പിൽ വിശ്വസിക്കാത്തവനു ക്രൈസ്തവ നാമധാരിപോലും ആകാനാവില്ല. യേശുവിന്റെ പുനരുത്ഥാനമാണ് ക്രൈസ്തവ വിശ്വാസത്തിന്റെ അടിത്തറയും കേന്ദ്രവും. "യേശു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർഥമാണ്" (1 കൊരി. 15:14) എന്ന വിശുദ്ധ പൗലോസ് അപ്പോസ്തോലന്റെ വാക്കുകൾ ഓരോ ക്രൈസ്തവന്റെയും കർണപുടങ്ങളിൽ എത്രയോ പ്രാവശ്യം വന്നു പതിച്ചിട്ടുണ്ടാകും. കാരണം ക്രൈസ്തവ വിശ്വാസ പ്രഖ്യാപനം എവിടെയൊക്കെ നടക്കുന്നുണ്ടോ അവിടെയൊക്കെ, ആ അവസരങ്ങളിലൊക്കെ, ഈ വാക്കുകൾ മുഴങ്ങിനിൽക്കും.

വേദാഭിമാനി
JUNE

ചെയർമാൻ
ടി. എം. വർഗ്ഗീസ്

ചീഫ് എഡിറ്റർ
ടൈറ്റസ് കാർത്തികപ്പള്ളി

മാനേജർ
ഏബ്രഹാം മത്തായി (സണ്ണി)

പബ്ലിഷർ
കെ.സി.വർഗ്ഗീസ്, കല്ലുമണ്ണിൽ

കോ–ഓർഡിനേറ്റർ
തോമസ് വർക്കി

വാർഷിക വരിസംഖ്യ
ഇന്ത്യ –Rs. 100
യു.എസ്.എ. –$25
മറ്റു രാജ്യങ്ങൾ –Rs.1000

എല്ലാ രാജ്യങ്ങളിലും
വേദാഭിമാനി ലഭിക്കുന്നതാണ്
വരിസംഖ്യ അയക്കേണ്ട വിലാസം
വേദാഭിമാനി
കേരള–690 516

യേശുവിന്റെ ജീവിതം ഉയിർപ്പിലേക്കുള്ള യാത്രയായിരുന്നുവെന്നു പറയുന്നതുപോലെ, യേശുവിന്റെ ഉത്ഥാനത്തിൽ വിശ്വസിക്കുന്നവരുടെ ജീവിതവും ഉത്ഥാനത്തിലേക്കുള്ള യാത്രയാകണം. മരണാനന്തരമുള്ള ഉയിർപ്പു മാത്രമല്ല ഇവിടെ വിവക്ഷിക്കുന്നത്. എന്തായാലും ആ മരണാനന്ത ഉത്ഥാനം വിശ്വാസ യാഥാർത്ഥ്യത്തിന്റെ പരിസമാപ്തിയാണ്. അതു



സംഭവിച്ചേ തീരൂ, വിശ്വസിച്ചാലും ഇല്ലെങ്കിലും. എന്നാൽ, യേശുവിൽ വിശ്വസിക്കുന്നവന്റെ ഉത്ഥാനത്തിലേക്കുള്ള യാത്ര അനുസ്യൂതമായ ഒരു ഉത്ഥാനപ്രക്രിയയായിരിക്കും– അനുദിന ജീവിതത്തിൽ അവശ്യം സംഭവിക്കേണ്ട ഉത്ഥാനപ്രക്രിയ.

അവിശ്വാസജീവിതത്തിൽ നിന്നു വിശ്വാസജീവിതത്തിലേക്കുള്ള ഉത്ഥാനം. ആത്മീയ മരണത്തിൽനിന്ന് ആത്മീയജീവനിലേക്കുള്ള ഉത്ഥാനം. അഹന്തയുടേയും താൻപോരിമയുടേതുമായ ജീവിതത്തിൽ നിന്ന് എളിമയുടെയും വിനയത്തിന്റേതുമായ ജീവിതത്തിലേക്കുള്ള ഉത്ഥാനം. അസൂയയുടെയും വിദ്വേഷത്തിന്റേതുമായ ജീവിതത്തിൽനിന്നു ക്രിസ്തീയ ഉപവിയുടേതായ ജീവിതത്തിലേക്കുള്ള ഉത്ഥാനം. പണവും പണം നൽകുന്ന സുഖസൗകര്യങ്ങളുമാണു ജിവിതസാക്ഷാത്കാരമെന്ന ചിന്താഗതിയിൽനിന്ന്, പണം പങ്കിടേണ്ട നന്മയാണെന്ന ചിന്താഗതിയിലേക്കുള്ള ഉത്ഥാനം.

പണംകൊണ്ട് സമൂഹത്തിലും രാഷ്ട്രീയത്തിലും സഭയിലും അധികാരമുള്ളവരെ വിലയ്ക്കു വാങ്ങാമെന്നും സ്വാധീനം പിടിച്ചുപറ്റാമെന്നുമുള്ള ചിന്താഗതിയിൽനിന്ന്, പണം കൊടുത്തു വാങ്ങുന്നതൊന്നും ആത്മീയജീവിതത്തിൽ ശാശ്വതമല്ലെന്ന ബോധ്യത്തിലേക്കുള്ള ഉത്ഥാനം. അറിവും പരിചയവും ഉള്ളവർ പറയുന്നതല്ല, പണക്കാരൻ പറയുന്നതേ സത്യമാകൂ എന്ന ധാരണയിൽനിന്ന്, പണത്തിന്റെ ക്രയശേഷിക്ക് അതീതമായ സത്യധർമ ബോധത്തിലേക്കുള്ള ഉത്ഥാനം.

അധികാരമോഹത്തിന്റെയും പണത്തിന്റെയും ആർഭാടത്തിന്റെയും കല്ലറകളിൽ ജീവിതകാലത്തുതന്നെ സ്വയം അടച്ചു ശ്വാസം മുട്ടുന്നവരോട് ആ ശവക്കല്ലറകളിൽനിന്നു മോചനം നേടി വിനയത്തിന്റെയും എളിമയുടെയും സാഹോദര്യത്തിന്റെയും ശുദ്ധവായു ശ്വസിക്കാൻ ഉത്ഥിതനായ യേശു ഇന്നും എന്നും ഏവരെയും ആഹ്വാനം ചെയ്യുന്നു.

ഇന്നലെകളിൽ സംഭവിച്ച ചരിത്രപരാജയങ്ങളിൽനിന്നു പാഠം ഉൾക്കൊണ്ടുകൊണ്ട്, നാളെകളിൽ ആരുടെയെങ്കിലും സ്വാധീനത്തിനു വഴങ്ങി അടിമത്തം വിലയ്ക്കു വാങ്ങാൻ തയാറല്ലെന്ന ഉറച്ച നിലപാടിൽ ചെന്നെത്താൻ കഴിയുന്ന മാനസികതന്റേടത്തെയും ഉത്ഥാനം എന്നു വിളിക്കാം. എല്ലാം അറിയാം എന്ന അഹംഭാവത്തിൽനിന്ന്, കാര്യമായൊന്നും തനിക്ക് അറിയില്ലെന്ന ഭാവത്തിലേക്കുള്ള ഇറങ്ങിവരവും ഉത്ഥാനം തന്നെ.

അധികാരം ഏതു രൂപത്തിലുള്ളതായാലും എല്ലാം നൈമിഷികമാണെന്നും, അധികാരം തനിക്കവകാശമായി ലഭിച്ചതല്ല, സേവനത്തിനായി, ദാനമായി ലഭിച്ചതാണെന്നുമുള്ള അറിവിലേക്കുള്ള വളർച്ചയും ഉത്ഥാനമാണ്. ദാരിദ്ര്യത്തിന്റെ വേദനയും ദുഃഖവും ജീവിതത്തിന്റെ ഭാഗമാണെന്നും ഈ ദുഃഖനിവാരണത്തിന് ആരിൽനിന്നെങ്കിലും ഔദാര്യം വാങ്ങി അയാളുടെ അടിമയായി മാറുന്നതിനേക്കാൾ നല്ലത് ദാരിദ്ര്യദുഃഖത്തോടൊപ്പമുള്ള സ്വാതന്ത്ര്യമാണെന്ന തിരിച്ചറിവിനെയും ഉത്ഥാനമെന്നു വിളിക്കാം. കാരണം, മാനസികവും ബൗദ്ധികവുമായ മരണത്തിൽനിന്നു ജീവനിലേക്കും പ്രകാശത്തിലേക്കുമുള്ള വളർച്ചയാണത്.

ഇങ്ങനെ അനുദിന ജീവിതത്തിൽ ഓരോ മനുഷ്യനും അവനവന്റേതായ സാഹചര്യങ്ങളിൽ മാനസികമരണങ്ങളിൽനിന്നും ബൗദ്ധിക തടവറകളിൽനിന്നും മോചിതനാകുമ്പോൾ സംഭവിക്കുന്ന, സംഭവിക്കേണ്ട, ഉത്ഥാനമുണ്ടല്ലോ, ആ ഉത്ഥാനം സംഭവിച്ചാൽ, ഉത്ഥിതനായ യേശു മനുഷ്യമക്കൾക്കായി സമ്പാദിച്ചിരിക്കുന്ന ഉത്ഥാനാനുഭവം ലോകത്തിലായിരിക്കുമ്പോൾത്തന്നെ യേശു ശിഷ്യർക്കു സ്വന്തമാകും. ഉത്ഥാനം ചെയ്യാൻ അവസാന കാഹളം മുഴങ്ങുന്നതുവരെ കാത്തിരിക്കാൻ വിധിക്കപ്പെട്ടവനല്ല ക്രൈസ്തവൻ. ഉത്ഥാനത്തിൽ അവനു പ്രതീക്ഷയുണ്ടെങ്കിൽ ഒരായിരം വട്ടം ഉത്ഥാനാനുഭവം നേടാനാകും, ജീവിച്ചിരിക്കുമ്പോൾത്തന്നെ. കാരണം ആ ജീവിതത്തിൽ ഭാരങ്ങൾ ഉണ്ടാവില്ല. അവിടെ മരണാനന്തര ഉത്ഥാനത്തിലെ അക്ഷയാനുഭൂതിയുണ്ടാകും. മൗലിക സ്വാതന്ത്ര്യത്തിന്റേതായ ലാഘവത്വമുണ്ടാകും; സ്വാഭാവികമായ ശാന്തിയും സ്വാതന്ത്ര്യവും ഉണ്ടാകും.

ഉത്ഥാനത്തിലേക്കു വഴിനടന്ന യേശു ശിഷ്യർക്കും പിൻഗാമികൾക്കുമായി കൈമാറിയ ഉത്ഥാനസന്ദേശത്തിന്റെ വിജയഭേരിയാണ് അരിമത്തിയാക്കാരൻ ജോസഫ് ദാനമായി നൽകിയ കല്ലറയിൽനിന്ന് മുഴങ്ങിയത്. സ്നേഹത്തിന്റെ ദാനമായിരുന്നു, ചരടില്ലാത്ത ഔദാര്യമായിരുന്നു, അരിമത്തിയാക്കാരൻ ജോസഫിന്റെ കല്ലറദാനം. ആ കല്ലറയിലാണ് ലോകം ഇന്നേവരെ ശ്രവിച്ചിട്ടില്ലാത്തതും ഇനിയൊരിക്കലും ശ്രവിക്കുകയില്ലാത്തതുമായ ഉത്ഥാന വിസ്ഫോടനം നടന്നത്. ആ ഭൂഗർഭ കല്ലറയിൽ നടന്ന ശാന്തമായ വിസ്ഫോടനം പുറത്തുകൊണ്ടുവന്നത് സാക്ഷാൽ ദൈവപുത്രനെയാണ്; മരണത്തിനും കല്ലറയ്ക്കും ഉൾക്കൊള്ളാനാവാത്ത വൻശക്തിയെയാണ്. ആ സ്ഫോടനത്തിന്റെ അലയൊലികൾ യേശുവിൽ വിശ്വസിക്കുന്ന കോടാനുകോടി ജനങ്ങളുടെ കാതുകളിൽ മധുരസംഗീതമാകുന്നു. ആ സംഗീതത്തിന്റെ ദൈവികത അവരുടെ ജീവിതത്തിനു കുളിർമയേകുന്നു, പ്രത്യാശയേകുന്നു, ലൗകികതയുടെ അടിമത്തത്തിൽ നിന്ന് ജീവിച്ചിരിക്കുമ്പോൾത്തന്നെ മോചനമേകുന്നു. ജീവിച്ചിരിക്കുമ്പോൾത്തന്നെ ഉത്ഥാനാനുഭവം സ്വന്തമാക്കാൻ അവർക്കു സാധിക്കുന്നു, നാനാവിധത്തിൽ ആകർഷകങ്ങളായ അടിമത്തങ്ങൾ വിലയ്ക്കു വാങ്ങാൻ അവർ വിസമ്മതിക്കുന്നപക്ഷം.

അറിഞ്ഞും അറിയാതെയും തങ്ങൾ നിപതിക്കുന്ന അജ്ഞാനാന്ധകാരത്തിൽനിന്നു മനുഷ്യർ അറിവിന്റെ പ്രകാശത്തിലേക്കുള്ള ബോധപൂർവമായ യാത്രയിൽ ഉത്ഥിതനായ യേശുവിനെ ധ്രുവനക്ഷത്രമായി കണ്ടെത്തും.

വിശുദ്ധ പൗലോസ് അപ്പോസ്തോലൻ പഠിപ്പിക്കുന്നതുപോലെ യേശുവിന്റെ ഉത്ഥാനം നമ്മുടെ ഉത്ഥാനത്തിന്റെ അച്ചാരമാണ്. യേശു മരണത്തെ പരാജയപ്പെടുത്തി ഉയിർത്തെഴുന്നേറ്റതുകൊണ്ടു നാം അവിടുത്തോടൊപ്പം ജീവിച്ചാൽ നാമും അവിടുത്തോടൊപ്പം ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും.

നാം യേശുവിനോടൊപ്പം ജീവിക്കുക എന്നു പറഞ്ഞാൽ പാപകരമായ ജീവിതം വെടിഞ്ഞ് അവിടുത്തോടൊപ്പം വിശുദ്ധമായ ജീവിതം നയിക്കുക എന്നാണർത്ഥം. അതായതു മനുഷ്യപാപത്തിനു വേണ്ടി മരിച്ച് ഉത്ഥിതനായ യേശുവിനോടൊപ്പം അവിടുത്തെ നവജീവിതത്തിൽ പങ്കുകൊണ്ടു ജീവിക്കണമെന്നു സാരം. ■



# ബാലവേദി



## സ്വഭാവം മാറ്റിയെടുക്കാൻ



ജപ്പാനിലെ ഹികാഷിഹികാരി എലമെന്ററി സ്കൂളിലെ അഞ്ചാം ക്ലാസിലേക്ക് ഒരു പുതിയ കുട്ടി വന്നു. ആ വർഷം പഠിക്കാനുള്ളത് മുഴുവൻ മനപ്പാഠമാക്കുകയും ചെയ്തു. ആള് റോബോട്ടാണ്. റോബോവീ എന്നാണ് ഇവന്റെ പേര്. ജപ്പാനിലെ അഡ്വാൻസ്ഡ് ടെലികമ്യൂണിക്കേഷൻസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഇന്റർനാഷണൽ എന്ന കമ്പനിയാണ് റോബോവിയെ ഉണ്ടാക്കിയത്. 1.2 മീറ്റർ നീളമുള്ള ഈ അഞ്ചാം ക്ലാസുകാരനെ ഉണ്ടാക്കിയെടുത്തത് എന്തിനാണെന്നറിയാമോ? മറ്റു കുട്ടികളുമായി ഇടപഴകി റോബോട്ടിന്റെ സ്വഭാവം മാറ്റിയെടുക്കാനാവുമോ എന്ന് പരീക്ഷിക്കാൻ വേണ്ടിത്തന്നെ!

## സോഫാക്കിഴങ്ങന്മാരും എലിക്കിഴങ്ങന്മാരും





എപ്പോഴും ടെലിവിഷന്റെ മുന്നിൽ തന്നെ ഇരിക്കുന്ന ചില വിരുതന്മാരില്ലേ? ഇങ്ങനെ ടെലിവിഷൻ പരിപാടികൾ എത്ര കണ്ടാലും മതിയാകാത്തവരെ വിളിക്കാൻ പുതിയൊരു വാക്കിതാ - Couch Potato! Couch എന്നാൽ ഇരിക്കുവാനുള്ള സോഫ, സെറ്റി എന്നൊക്കെയാണ് അർത്ഥം. കൊറിക്കാൻ ചിപ്സും ലഘുഭക്ഷണവുമൊക്കെയായി ടെലിവിഷൻ കാഴ്ചകൾ കണ്ട് ഇവർ സമയം കളയുന്നു. വെറുതെയിരുന്ന് ഭക്ഷണം അകത്താക്കുന്ന ഇവർ തീർച്ചയായും പൊണ്ണത്തടിയരായിരിക്കും! അപ്പോൾ ഇവരെ സോഫാക്കിഴങ്ങന്മാരെന്നുതന്നെ വിളിക്കണം! കമ്പ്യൂട്ടർ വളരെ സമയം ഉപയോഗിക്കുകയും അതിന് അടിമയായിത്തീരുകയും ചെയ്യുന്ന ചിലരുണ്ട്. ഇവരാണ് Mouse Potatos. ഇത്തരക്കാർ തൊട്ടടുത്ത വീട്ടിൽ പോയി ഒരു കാര്യം അറിയിക്കാൻ മടിച്ച് അവിടേക്ക് ഇ-മെയിൽ സന്ദേശങ്ങൾ അയക്കും! കമ്പ്യൂട്ടർ നിയന്ത്രിക്കുന്നതിന് Mouse ഉപയോഗിക്കുന്നതിനാലാണ് ഈ പേര് വന്നത്.

## സൺഡേ, മൺഡേ...

Sunday എന്നാൽ പേരു സൂചിപ്പിക്കുന്നതുപോലെ day of sun എന്നാണ് അർത്ഥം. പഴയ ഇംഗ്ലീഷിലെ sunnandaeg എന്ന വാക്കിൽ നിന്നാണ് സൂര്യന്റെ ദിവസമായ ഞായറാഴ്ച പിറന്നത്.

ആഴ്ചയിലെ പ്രവൃത്തി ദിവസങ്ങളിലെ തുടക്കക്കാരൻ തിങ്കൾ ആണല്ലോ? Monday എന്ന വാക്കിന്റെ പിറവി day of the moon എന്ന് അർത്ഥമുള്ള monandaeg പഴയ ഇംഗ്ലീഷ് വാക്കിൽ നിന്നാണ്. തിങ്കൾ എന്നാൽ ചന്ദ്രൻ എന്നുതന്നെയാണല്ലോ മലയാളത്തിലെ അർത്ഥം. രണ്ടു ദിവസത്തെ അവധികഴിഞ്ഞ് തിങ്കളാഴ്ച രാവിലെ സ്കൂളിൽ പോകാൻ മടിയില്ലാത്തവർ ആരുണ്ട്? Monday head എന്നാണ് തിങ്കളാഴ്ച മടിയുടെ ഇംഗ്ലീഷ് പ്രയോഗം.




പഴയ ഇംഗ്ലീഷ് വാക്കായ Tiwesdaeg ൽ നിന്നാണ് Tuesday പിറന്നത്. പ്രാചീന ജർമനിയിലെ യുദ്ധങ്ങളുടെ ദേവനായ Tiw ൽ നിന്നാണ് ആ പേരു കിട്ടിയത്. റോമാക്കാർ Mars (ചൊവ്വ) എന്ന ഗ്രഹവുമായി Tiw ദേവനെ ചേർത്തു വച്ചു. dies Marti, or 'day of Mars' എന്ന അർത്ഥമാണ് ഈ ദിവസത്തിന്. യുദ്ധദേവന്റെ പേരിൽ നിന്നുണ്ടായതുകൊണ്ടാകാം അടിപിടികൾക്കു പറ്റിയ ദിവസമായിട്ടാണ് യൂറോപ്പുകാർ കണ്ടിരുന്നത്. വിജ്ഞാനത്തിന്റെയും യുദ്ധത്തിന്റെയും മരണത്തിന്റെയും ജർമ്മൻ ദേവൻ ആണ് Odin. Woden, Wotan എന്നീ പേരുകളുമുണ്ട് ഈ ദേവന്. ഈ പേരുകളിൽ നിന്നാണ് Wednesday ഉണ്ടായത്. Wednesday എന്നാൽ gothic ഭാഷയിൽ middle എന്നൊരു അർഥവുമുണ്ട്. ആഴ്ചയുടെ നടുക്ക് നിവർന്നു നിൽക്കുന്ന ദിവസമാണല്ലോ Wednesday.

Jovis dies or the day of jupiter എന്ന latin വാക്കിൽ നിന്നാണ് Thursday പിറക്കുന്നത്. റോമാക്കാർക്ക് Jupiter ഇടിമുഴക്കത്തിന്റെ ദേവനാണ്. ലാറ്റിനിൽ Thu(n)resdaeg എന്നാൽ the day of thunder എന്നാണ്. ഇടിമുഴക്കത്തോടെ പിറന്നതാണ് Thursday. വ്യാഴഗ്രഹമാണല്ലോ Jupiter. മലയാളത്തിലെ 'വ്യാഴം' പിറന്നത് അങ്ങനെ.

ജർമ്മൻ ദേവതയായ Frigga യിൽ നിന്നാണ് പഴയ ഇംഗ്ലീഷ് വാക്കായ Firgedaeg ഉണ്ടായത്. Friday എന്ന വാക്ക് Firgedaeg -ൽ നിന്നുമാണ് ജന്മം കൊണ്ടത്. Frigga's day ആണ് Friday. പ്രേമത്തിന്റെയും രാത്രിയുടെയും ദേവതയാണ് Frigga.

ശനി അവധി!

Dies Saturni, Dies Sabbati എന്നീ ലാറ്റിൻ പദങ്ങളിൽ നിന്നാണ് day of saturn എന്ന ശനിയാഴ്ച ഉണ്ടായത്. Dies sabbati എന്ന ലാറ്റിൻ വാക്കിന്റെ അർത്ഥം day of sabbath എന്നാണ്. സബ്ബാത്ത് എന്നാൽ അവധി ദിവസം. ജൂതമതവിശ്വാസികളുടെ അവധി ദിവസമാണ് ശനിയാഴ്ച.






## മുഖ്യലക്ഷ്യം

പണക്കാരാകുക എന്നതാണ് ഇന്നത്തെ ചെറുപ്പക്കാരുടെ മുഖ്യലക്ഷ്യം എന്ന് ഒരു സർവേയിൽ പങ്കെടുത്ത 81 ശതമാനം ചെറുപ്പക്കാരും അഭിപ്രായപ്പെടുകയുണ്ടായി. പക്ഷേ പണത്തിനു പിന്നാലെയുള്ള ഈ നെട്ടോട്ടം യാതൊരു സംതൃപ്തിയും നേടിത്തരികയില്ല എന്നതാണ് വാസ്തവം. ഭൗതിക വസ്തുക്കളിൽ കണ്ണുംനട്ടിരിക്കുന്നവർ അസന്തുഷ്ടരും നിരാശിതരും ആണെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. ശാരീരിക-മാനസിക പ്രശ്നങ്ങളും അവർക്കു കൂടുതലാണ്. ഭൗതിക വസ്തുക്കളോട് അമിത താല്പര്യമുള്ള കുടുംബങ്ങളിലാണ് ചില കുട്ടികൾ വളർന്നുവരുന്നത്. മക്കളുടെ സന്തോഷമാണ് മാതാപിതാക്കൾ ആഗ്രഹിക്കുന്നത്. മക്കളുടെ ആഗ്രഹമാകട്ടെ ഭൗതികവസ്തുക്കളും. അതുകൊണ്ട് അച്ഛനമ്മമാർ അവർക്കുവേണ്ടി സാധനങ്ങൾ വാങ്ങിക്കൂട്ടുന്നു. കുട്ടികൾക്ക് അതിൽ സന്തോഷം. പക്ഷേ കുറച്ചു കഴിയുമ്പോൾ അവർക്ക് കിട്ടിയതൊന്നും പോരെന്നാകും. പിന്നെയും സാധനങ്ങൾ വേണം."

ആർത്തിയോടെ കഴിയുന്ന ഉപഭോക്തൃലോകത്തെ വിഴുങ്ങാൻ കച്ചകെട്ടിയിറങ്ങിയിരിക്കുകയാണ് ഇന്നത്തെ പരസ്യലോകം. 'ഏറ്റവും നല്ലത് നിങ്ങൾക്കു കിട്ടണം, അതിന് നിങ്ങൾ അർഹരാണ്' എന്നിങ്ങനെയുള്ള ആശയങ്ങളാണ് പരസ്യങ്ങളിൽ. ഇതിൽ മയങ്ങിവീണിരിക്കുന്ന പല ചെറുപ്പക്കാരും ഇന്ന് കടക്കെണിയിലാണ്, "അർഹത"യുള്ള സാധനങ്ങൾപോലും വാങ്ങാൻ പണമില്ലാതെ. പണം ആവശ്യമാണെന്ന് ബൈബിൾ സമ്മതിക്കുന്നു (സഭാ.പ്ര. 7:12). എന്നാൽ അതോടൊപ്പം ഇങ്ങനെയൊരു മുന്നറിയിപ്പും അത് നൽകുന്നുണ്ട്: "പണസ്നേഹം സകലവിധ ദോഷങ്ങൾക്കും മൂലമല്ലോ. ഈ സ്നേഹം ഏറിയിട്ട് ചിലർ പലവിധ വ്യഥകളാൽ തങ്ങളെ ആസകലം കുത്തിമുറിപ്പെടുത്താൻ ഇടയായിരിക്കുന്നു" (1 തിമൊ. 6:10). ഭൗതികവസ്തുക്കൾക്കു പിന്നാലെ പോകാനല്ല മറിച്ച് അടിസ്ഥാന ആവശ്യങ്ങളിൽ തൃപ്തരായിരിക്കാനാണ് ബൈബിൾ നിർദേശിക്കുന്നത് (1 തിമൊ. 6:7,8).

അഭിനന്ദനം അർഹിക്കുമ്പോൾ അതു നൽകണം എന്നുതന്നെയാണ് ബൈബിൾ പറയുന്നത് (മത്താ. 25:19-21). പക്ഷേ, മക്കൾക്ക് സന്തോഷമാകട്ടെ എന്നു കരുതി വെറുതെ മക്കളെ പ്രശംസിച്ചാൽ അവരിൽ അബദ്ധധാരണകൾ ഉളവാക്കാനേ അത് ഉപകരിക്കൂ. ബൈബിൾ പറയുന്നത് എത്രയോ സത്യമാണ്: "താൻ ഒന്നുമല്ലാതിരിക്കെ, മഹാനാണെന്നു നടിക്കുന്നവൻ തന്നെത്തന്നെ വഞ്ചിക്കുന്നു." (ഗലാത്യർ 6:3). അതുകൊണ്ടാണ്, "ബാലന്നു ശിക്ഷ കൊടുക്കാതിരിക്കരുത്" എന്ന് ബൈബിൾ മാതാപിതാക്കളോടു നിർദേശിക്കുന്നത്" (സദൃ. 23:13).

ചെയ്യാനാകുന്നത്: ശിക്ഷണം ആവശ്യമുള്ളപ്പോൾ അത് നൽകാനും പ്രശംസ അർഹിക്കുമ്പോൾ പ്രശംസിക്കാനും ലക്ഷ്യമിടുക. മക്കളെ സന്തോഷിപ്പിക്കാനായി ഒരു കാരണവുമില്ലാതെ അവർക്കു പണം നൽകി അവരെ പ്രശംസകൊണ്ട് പൊതിയരുത്. ഗുണത്തെക്കാൾ ഏറെ ദോഷമായിരിക്കാം അത് ഉണ്ടാക്കുക. എന്റെ തലമുറ എന്ന പുസ്തകം പറയുന്നു: "വൈദഗ്ധ്യം ആർജ്ജിച്ചെടുക്കുന്നതിലൂടെയും കാര്യങ്ങൾ പഠിച്ചെടുക്കുന്നതിലൂടെയും ആണ് യഥാർത്ഥ ആത്മവിശ്വാസം ഉടലെടുക്കുന്നത്. അതിലൂടെ മാത്രമേ മുഖ്യ ലക്ഷ്യം തിരിച്ചറിയാനാകൂ.



# ദൈവരാജ്യം 2

## അറിയാത്തതും അറിയേണ്ടതും

ദൈവേഷ്ടം ചെയ്യാൻ വളരെ പരിശ്രമവും ത്യാഗവും ആവശ്യമാണ് (മത്താ. 10:29,30). ദൈവരാജ്യാവകാശത്തിന് വില നൽകേണ്ടതാണെന്ന് 'വയലിൽ ഒളിച്ചുവച്ച നിധി', 'നല്ല വിത്ത്' എന്നീ ഉപമകളിലൂടെ കർത്താവ് നമ്മെ പഠിപ്പിക്കുന്നു (മത്താ. 13:44-46).

ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ മനുഷ്യനുണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാം?

'ദരിദ്രരായ നിങ്ങൾ ഭാഗ്യവാന്മാർ ദൈവരാജ്യം നിങ്ങൾക്കുള്ളത് (ലൂക്കോ. 6:20). ഗ്രീക്കിൽ ദരിദ്രർ എന്നതിനുള്ള വാക്ക് 'Ptochos' എന്നാണ്. അർത്ഥം കേവലം ദരിദ്രർ എന്നുമാത്രമല്ല, ആത്യന്തികമായും പരിപൂർണ്ണമായും പരമദരിദ്രർ (absolutely and completely destitute) എന്നാണ്. ഇപ്രകാരമുള്ളവർക്ക് ഏക ആശ്രയം ദൈവം മാത്രമാണ്. തന്റെ സ്വന്തമായ പരിതാപകരമായ സ്ഥിതി മനസ്സിലാക്കി സർവ്വശക്തനായ ദൈവത്തിൽ സമ്പൂർണ്ണമായി ആശ്രയം വയ്ക്കുന്നവനാണ് ദൈവരാജ്യാവകാശി. ദൈവീക സമ്പത്തിൽ അവന്റെ ദാരിദ്ര്യവും ദൈവീകജ്ഞാനത്തിൽ അവന്റെ അജ്ഞതയും ദൈവീക കരുണയിൽ അവന്റെ പാപവും ദൈവീക കൃപയിൽ അവന്റെ ധാർമ്മീക പരാജയങ്ങളും സമർപ്പിക്കുന്നവനാണ് ദൈവരാജ്യാവകാശി. ദൈവേഷ്ടം ചെയ്യേണ്ടതിന്റെ കടമയെപ്പറ്റി ബോധമുണ്ടായിട്ട്, തന്റെ കഴിവുകുറവിനെപ്പറ്റിയും ബോധമുണ്ടായി, ദൈവസഹായം കൂടാതെ സാദ്ധ്യമല്ല എന്നു ബോധ്യമുള്ളവർക്കാണ് ദൈവരാജ്യം.

'നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ സ്വർഗ്ഗരാജ്യം അവർക്കുള്ളത്' (മത്താ. 5:10). പീഡിപ്പിക്കപ്പെടുന്നവർ അവരുടെ വ്യക്തിഗതസുഖം, പദവി, ആഗ്രഹങ്ങൾ, സുരക്ഷിതത്വം എന്നിവയെക്കാളുപരി ദൈവേഷ്ടത്തെ സ്നേഹിച്ചവരാണ്. ദൈവകല്പനയെ അനുസരിച്ചവരാണ്. ദൈവത്തിനായി തങ്ങളെത്തന്നെ ബലിവേദിയിൽ ബലിയാടുകളായി സമർപ്പിച്ചവരാണ്. അങ്ങനെയുള്ളവർക്കാണ് ദൈവരാജ്യം.

ശിശുക്കളെപ്പോലെയുള്ളവർക്കാണ് ദൈവരാജ്യം. കർത്താവ് പറയുന്നു: 'നിങ്ങൾ തിരിഞ്ഞ് ശിശുക്കളെപ്പോലെ ആയിവരുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു' (മത്താ. 18:2,3; മർക്കോ. 10:14,15; മത്താ. 19:14; ലൂക്കോ. 18:16,17). ശിശുക്കൾക്കുള്ള പ്രത്യേകത വിശുദ്ധി, ആശ്രയബോധം എന്നിവയാണ്. അവർ കളങ്കമില്ലാത്തവരാണ്. ശിശുക്കൾ സ്ഥാനമോ, മാനമോ, മഹത്വമോ ആഗ്രഹിക്കാത്ത വിനീതമനസ്സിന്റെ ഉടമകളാണ്. മാത്രമല്ല, സമ്പൂർണ്ണമായി അവരുടെ രക്ഷിതാക്കളിൽ അവർ ആശ്രയം വയ്ക്കുന്നു. ഇപ്രകാരമുള്ള യോഗ്യതകൾ ദൈവരാജ്യപ്രവേശനത്തിനത്യന്താപേക്ഷിതമാണ്.

കർത്താവ് പറയുന്നു: 'നിങ്ങളുടെ നീതി ശാസ്ത്രിമാരുടേയും പരീശന്മാരുടേയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ലെന്ന് ഞാൻ നിങ്ങളോട് പറയുന്നു' (മത്താ. 5:20). എന്താണിതിന്റെ അർത്ഥം? പരീശന്മാരും സാദൂക്യരും നിയമത്തെ അനുസരിച്ചു ജീവിക്കുന്നവരാണ്. എന്നാൽ അതിനേക്കാൾ കഠിനമായ പരിശ്രമം ആവശ്യമാണ്. സ്നേഹത്തിന്റെ പ്രമാണമാണ് ദൈവരാജ്യത്തിന്റെ നിയമം. ദൈവരാജ്യനിയമം സ്നേഹമാകയാൽ ദൈവരാജ്യപ്രജകളുടെ ഉത്തരവാദിത്വം ദൈവത്തോടും മനുഷ്യരോടും പരിധിയില്ലാത്ത സ്നേഹമാണ്.

യേശുവിന്റെ ആളത്തം മനുഷ്യർക്ക് ദൈവരാജ്യത്തിലേക്കുള്ള മാർഗ്ഗമാണ്. ദൈവരാജ്യത്തിൽ പ്രവേശിക്കുന്നവർ യേശുവിന്റെ ശിശ്യത്വം സ്വീകരിച്ച് ശിഷ്യത്വത്തിന്റെ വില നൽകി യേശുവിനെ പിൻപറ്റണം. യേശുവിന്റെ ശിഷ്യത്വത്തിന്റെ വില പൂർണ്ണമായി ഗ്രഹിച്ചുകൊണ്ടു വേണം യേശുവിനെ അനുഗമിക്കുവാൻ (ലൂക്കോ. 14:28-32; 9:62; 9:58; 13:28; 14:26). ദൈവരാജ്യത്തിന്റെ സന്ദേശം സമൂഹത്തിൽ സമാധാനമല്ല പ്രത്യുത 'ഭിന്നത' യാണ് ഉണ്ടാക്കുന്നത്. അതു സ്വീകരിക്കുന്നവർക്കു പീഠനമാണ് പ്രതിഫലം (ലൂക്കോ. 11:52-53; 12:11). സ്വന്തം കുരിശു ചുമന്നുകൊണ്ട് ക്രൂശിക്കപ്പെടാൻതന്നെ യേശുശിഷ്യർ തയ്യാറായിരിക്കണം (ലൂക്കോ. 14:27,33). ജീവിത സാക്ഷാത്കാരത്തിന്റേയും നിത്യതയുടെയും പ്രകാശത്തിൽ യഥാർത്ഥമായി കണക്കുകൂട്ടിയാൽ ദൈവരാജ്യത്തിനുവേണ്ടി കളയുന്നതൊന്നും നഷ്ടമല്ലെന്നു മനസ്സിലാക്കാം (ലൂക്കോ. 12:4-5,7; 18:29-30).

ദൈവരാജ്യവും അനുതാപവും ഒരുമിച്ചു പോകുന്നതാണ്. യേശുവിന്റെ പ്രഥമ സന്ദേശം തന്നെ 'ദൈവരാജ്യം സമീപിച്ചിരിക്കുന്നു മാനസാന്തരപ്പെടുവീൻ' എന്നാണ് (മർക്കോ. 1:14; മത്താ. 4:17). അനുതാപം (metanoia) മനസ്സിന്റെ രൂപാന്തരമാണ്. രൂപാന്തരം എന്നതിന്റെ വാച്യാർത്ഥം 'തിരിഞ്ഞുവരിക', 'എതിർ ദിശയിലേക്ക് അഭിമുഖീകരിക്കുക' എന്നാണ്. ദൈവേഷ്ടം പ്രവർത്തിപ്പാൻ തക്കവണ്ണം മനസ്സിന്റെ മൗലീകമായ മാറ്റം അനിവാര്യമാണ്. ദൈവേഷ്ടത്തിനു വിധേയമായി ജീവിക്കുന്നവർ ദൈവരാജ്യപ്രവേശനത്തിനർഹരായിത്തീരുന്നു.

---




അനഘ ജോൺ റിട്ടയേഡ് പോലീസ് കോൺസ്റ്റബിൾ ജോണിയുടെ മൂത്തമകളാണ്. ജോണിയുടെ ഭാര്യ ലീലാമ്മ ഗവൺമെന്റ് ഹോസ്പിറ്റലിലെ നഴ്സാണ്. അടുത്തവർഷം റിട്ടയർ ചെയ്യും. അനഘയെക്കൂടാതെ ഈ ദമ്പതികൾക്ക് അനൂപ്, ആര്യ എന്നിങ്ങനെ രണ്ടു മക്കൾകൂടിയുണ്ട്. അനൂപ് സെയിൻസ് എക്സിക്യൂട്ടീവാണ്. ആര്യ ജേർണലിസം വിദ്യാർത്ഥിനിയാണ്.

അടുത്തമാസം അനഘയുടെ കല്യാണമാണ്. കഴിഞ്ഞ ആഴ്ചയിലായിരുന്നു ഉറപ്പീര്. മനസമ്മതത്തിന്റെയും വിവാഹത്തിന്റെയും തീയതികളും ഇരുകൂട്ടരും ചേർന്ന് നിശ്ചയിച്ചു. അനഘയുടെ അമ്മയുടെ അനുജത്തി വഴിയാണ് അവൾ കൗൺസലിങ് സെന്ററിലെത്തിയത്. രൂക്ഷമായ പ്രശ്നമൊന്നുമില്ല. എന്നാൽ അതിനെ ലഘൂകരിച്ചുകാണാനും ആവില്ല. കല്യാണതീയതി അടുത്തെത്തുംതോറും അനഘയുടെ മനസിൽ ആധിയാണ്. പ്രശ്നം സിസ്റ്ററിനോട് മാത്രമാണ് അവൾ പറഞ്ഞിട്ടുള്ളത്. ജോജി അനഘയുടെ അയൽപക്കക്കാരനും സമപ്രായക്കാരനും സഹപാഠിയുമാണ്. ട്യൂഷൻക്ലാസിലും മറ്റും പോവുകയും വരികയും ചെയ്തിരുന്നത് അവർ ഒരുമിച്ചായിരുന്നു. പത്താംക്ലാസിൽ പഠിക്കുന്ന ഒരു ദിവസം ട്യൂഷനു പോയി തിരിച്ചുവരുന്ന വഴിക്ക് ജോജി അനഘയ്ക്ക് ഒരു കത്ത് നൽകി. കത്തിലെ ഉള്ളടക്കം അതുതന്നെ - ഐ ലവ് യു. ജോജിയുടെ നിർബന്ധത്തിനു വഴങ്ങി പിറ്റേന്ന് അവൾ ആ കത്തിന് മറുപടി നൽകി. ജോജിയെ ഇഷ്ടമാണെങ്കിലും ജോജി കാണുന്ന തരത്തിൽ തനിക്കൊരിക്കലും ജോജിയെ കാണാൻ കഴിയില്ലെന്നായിരുന്നു അനഘ അന്ന് തന്റെ മറുപടിക്കത്തിൽ എഴുതിയിരുന്നത്. ഒരു വർഷത്തിനു ശേഷം ജോജിയുടെ പപ്പയ്ക്ക് ചെന്നൈയിലേക്ക് ട്രാൻസ്ഫർ ആയി. പപ്പയ്ക്കും മമ്മിയ്ക്കും അനുജത്തിക്കുമൊപ്പം അവൻ പിന്നീട് പത്തുവർഷം താമസിച്ചതും പഠിച്ചതുമൊക്കെ ചെന്നൈയിലാണ്. അടുത്തയിടയ്ക്ക് നാട്ടിലേക്കുതന്നെ അവർ തിരിച്ചെത്തുന്നു എന്നുകേട്ടപ്പോൾ മുതലാണ് അനഘയുടെ മനസ് അസ്വസ്ഥമാകാൻ തുടങ്ങിയത്.

അനഘയോട് കാര്യങ്ങളുടെ വിശദാംശങ്ങൾ ചോദിച്ചറിഞ്ഞപ്പോൾ എനിക്കു മനസിലായി അവളുടെ ഭീതിക്ക് അടിസ്ഥാനം തെല്ലും ഇല്ലെന്ന്. അനഘ ജോജിയുടെ കത്തിന് തന്റെ ഭാഗത്തുനിന്നു നിഷേധാത്മകമായ ഒരു മറുപടി നൽകിയതോടെ പ്രശ്നം അവിടെ തീർന്നതാണ്. ചെന്നൈയിലേക്ക് യാത്രയാകുംമുമ്പ് തന്റെ അവിവേകം നിറഞ്ഞ പ്രവൃത്തിയെക്കുറിച്ച് ജോജി അനഘയോട് സോറി പറഞ്ഞതുമാണ്. എന്റെ നിർദ്ദേശപ്രകാരം അനഘ തന്റെ കല്യാണത്തിനു ക്ഷണിച്ചുകൊണ്ട് ജോജിയുടെ അഡ്രസിലേക്ക് കാർഡയച്ചു. പിറ്റേ ആഴ്ചതന്നെ ആശംസകൾ നേർന്നുകൊണ്ടുള്ള ജോജിയുടെ മറുപടിക്കത്തും അനഘയ്ക്കു ലഭിച്ചു.

അനഘയെപ്പോലെ വിവാഹപ്രായമാകുമ്പോഴും, പിന്നെ വിവാഹം ഉറപ്പിക്കുമ്പോഴും ഉള്ളിൽ തീയുമായി ദിവങ്ങൾ തള്ളിനീക്കുന്ന പെൺകുട്ടികൾ നമ്മുടെ ഇടയിൽ ഇന്നനവധിയുണ്ട്. പ്രശ്നം എന്തുതന്നെയായാലും അത് പരിഹരിച്ചശേഷം വിവാഹജീവിതത്തിലേക്ക് അത്തരക്കാർ പ്രവേശിക്കുന്നതാണ് കൂടുതൽ ആരോഗ്യകരം. രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ ഭേദം രോഗം വരാതെ നോക്കുന്നതാണ് എന്ന പഴമക്കാരുടെ അനുഭവത്തിന്റെ പിൻബലത്തോടെയുള്ള അർത്ഥമുള്ള ചൊല്ലും ഇത്തരക്കാർ ഓർക്കേണ്ടതാണ്.

---

## ശാസ്ത്രം – ചരിത്രം – മതം – ക്രിസ്തു അവകാശവാദം ശരിയോ തെറ്റോ ?പ്രമുഖർ പ്രതികരിക്കുന്നു

ജോൺ ഡി. ബറോവും, ഫ്രാങ്ക് ടിപ്ലറും അന്ത്രോപിക്കോസ്മോളജിക്കൽ പ്രിൻസിപ്പിൾസ് എന്ന ഭൗതിക ശാസ്ത്രഗ്രന്ഥത്തിൽ പരാമർശിച്ച വിഷയം വിശദീകരിച്ച് പാപം, മരണാനന്തരജീവിതം, ന്യായവിധി തുടങ്ങിയ വിഷയങ്ങൾക്ക് ശാസ്ത്രീയ അടിത്തറ ഉണ്ടാക്കി എന്നത് നിസാര കാര്യമല്ല. നാശത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്ന ഇന്നത്തെ തലമുറയെ ഈ വിഷയങ്ങൾ വിശദീകരിച്ച് പഠിപ്പിക്കാൻ തയ്യാറാകണം. വിശ്വാസം ഉണ്ടാകുവാനും, വിശ്വാസം വർദ്ധിപ്പിക്കാനും അത് കാരണമാകും.

**പ്രൊഫസർ ഡോ. റോജർ ഫോയൽ, ഹാർഡിങ് യൂണിവേഴ്സിറ്റി, സീയേഴ്സ്**

ശാസ്ത്രം ശാസ്ത്രമായി ശാസ്ത്രഭാഷയിൽതന്നെ പറഞ്ഞിരിക്കുന്നതും, ആത്മസ്നേഹിതനിലെ സ്നേഹത്തിന്റെ ഭാഷ വ്യത്യസ്തമായിരിക്കുന്നതും ശ്രദ്ധേയം തന്നെ. മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള വിശദീകരണത്തെ ആർക്ക് നിഷേധിക്കുവാൻ കഴിയും? സാധാരണക്കാർക്കുവേണ്ടി അല്പം കൂടെ ലളിതമായി വിശദീകരിക്കാമായിരുന്നു. സൃഷ്ടിവാദത്തെ അടിസ്ഥാനമാക്കി ഇതിനുമുമ്പും പ്രമുഖരായ പലരും പലതും പറഞ്ഞിട്ടുണ്ടെങ്കിലും തേജസ്, പാപം, മരണാനന്തര ജീവിതം തുടങ്ങിയ വിഷയങ്ങൾക്ക് ശാസ്ത്രീയ വിശദീകരണം നൽകിയിട്ടുള്ള ഒരു പഠനവും ഇന്നുവരെ ഞാൻ കണ്ടിട്ടില്ല. ക്രൈസ്തവ സമൂഹം താങ്കളുടെ ഈ പഠനങ്ങളെ കാണാതെയും അംഗീകരിക്കാതെയും പോയത് എന്തുകൊണ്ട് എന്ന് മനസിലാകുന്നില്ല. എന്നാൽ സത്യാന്വേഷികളുടെ ചോദ്യങ്ങൾക്കു മുമ്പിൽ മറുപടിയുമായി നിന്ന് ക്രിസ്തുവിന്റെ സ്നേഹത്തിലേക്ക് അവരെ വലിച്ചടുപ്പിക്കാൻ കഴിയുന്നത് സ്വർഗ്ഗം നിങ്ങളെ അംഗീകരിച്ചതുകൊണ്ടാണ്. ദൈവത്തിന്റെ അംഗീകാരം മതി എന്നു വയ്ക്കുക.

**പ്രൊഫസർ ജോൺ എബ്രഹാം, സാമ്പത്തികകാര്യ വിദഗ്ധൻ, അലിഗഡ് യൂണിവേഴ്സിറ്റി**

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# കുഞ്ഞാടിന്റെ കല്യാണം 2

***"നാം സന്തോഷിച്ച് ഉല്ലസിച്ച് അവന് മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ കല്ല്യാണം വന്നു വല്ലോ"*** (വെളി. 19:7).

പുതിയ നിയമത്തിൽ മറ്റൊരു ഭാഗത്തുകൂടെ മാത്രമെ "സന്തോഷിക്കുക" "ഉല്ലസിക്കുക" എന്നീ ക്രിയകൾ ചേർത്ത് ഉപയോഗിച്ചിട്ടുള്ളു, അത് മത്തായി 5:12ലാണ്. "സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ട് സന്തോഷിച്ചുല്ലസിപ്പിൻ; അടിസ്ഥാനപരമായി രണ്ടും ഒന്നു തന്നെയാണ് പറയുന്നത്. കാലം ഒരുപക്ഷെ മോശമാകാം; ദിനങ്ങൾ ഇരുണ്ടതാകാം; നിങ്ങളുടെ മുഖം കണ്ണുനീരിനാൽ നനഞ്ഞേക്കാം - പക്ഷെ നല്ലൊരു നാളെ വരുന്നു. തനിക്കുള്ളവർക്കായി കർത്താവ് വരുന്നു! "സ്വർഗ്ഗത്തിൽ അവരുടെ പ്രതിഫലം വലുതാകുന്നു." ഓരോ വിവാഹാഘോഷത്തിലും ആളുകൾ പുഞ്ചിരിക്കുന്നു; സന്തോഷിക്കുന്നു; ആനന്ദിക്കുന്നു.

അതുപോലെ, കർത്താവ് തന്റെ മണവാട്ടിയെ അവകാശമാക്കുവാൻ വരുന്ന സമയവും സന്തോഷമുള്ളതായിരിക്കും. അതായത്, അവന്റെ വരവിനായി ഒരുങ്ങിയിരിക്കുന്നവർക്ക് അത് സന്തോഷപ്രദമായിരിക്കും.

അത് നമ്മെ വാക്യം 7ന്റെ അവസാനത്തിലേക്ക് കൊണ്ടുവരുന്നു, പുരുഷാരം പുകഴ്ത്തി പാടിയ ഗാനത്തിന്റെ ഉപസംഹാരം "അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു" (വാ. 7).

നിങ്ങൾ ഒരു വിവാഹത്തിന്റെ ഒരുക്കം നടത്തിയിട്ടുണ്ടെങ്കിൽ അതിൽ വളരെ കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട് എന്ന് നിങ്ങൾക്ക് അറിയാം. ആ ഒരുക്കത്തിന്റെ ഒരു വശമാണ് നമ്മുടെ വേദഭാഗം പറയുന്നത് - വിവാഹ വസ്ത്രത്തെ കുറിച്ച്: "അവൾക്ക് ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു; ആ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾ തന്നെ" (വാ.8). വിവാഹത്തെ സംബന്ധിച്ച് സ്ത്രീകൾ സംസാരിക്കുന്ന ഒരു വിഷയം "മണവാട്ടി ഏത് തരം വസ്ത്രമാണ് ധരിക്കുന്നത്?" എന്നതാണ്. ഇക്കാര്യത്തിൽ ഉത്തരം ഇതായിരിക്കും: "ശുദ്ധവും ശുഭ്രവുമായ വസ്ത്രം."

ശുദ്ധവും ശുഭ്രവുമായ വസ്ത്രം വിശുദ്ധിയെയാണ് കാണിക്കുന്നത് (എഫേ. 5:25 –27). നമ്മുടെ പാപങ്ങൾ പോക്കി യേശുവിന്റെ രക്തം നമ്മെ ശുദ്ധീകരിക്കുന്നു (അ. പ്ര. 22:16). നമ്മുടെ "ജീവിത വസ്ത്രങ്ങൾ" രക്തത്താൽ വെൺമയായി തീരുന്നു (വെളി. 7:9,14). പിന്നെ നാം യേശുവിനെ വസ്ത്രമായി ധരിക്കുന്നു (ഗലാ. 3:27). അതിനു ശേഷം നാം വചന വെളിച്ചത്തിൽ വേണം തുടർന്നു നടക്കുവാൻ (1 യോഹ. 1:7). നാം വിശുദ്ധരും നിഷ്ക്കളങ്കരുമായി അവനോട് വിശ്വസ്തത പുലർത്തി ജീവിക്കണം. "ശുദ്ധവും ശുഭ്രവുമായ വസ്ത്രം ധരിപ്പാൻ അവൾക്ക് കൃപ ലഭിച്ചിരിക്കുന്നു" എന്ന പ്രസ്താവനയിൽ ദൈവത്തിന്റെ ഭാഗം ഉയർത്തി കാണിക്കുന്നു (എംഫസിസ് മൈൻ). "കൃപ ലഭിച്ചിരിക്കുന്നു" എന്ന പ്രയോഗം വെളിപ്പാടിൽ ഉടനീളം ദൈവം എല്ലാം നിയന്ത്രിക്കുന്നു എന്ന് ഊന്നി പറയുന്നതാണ് (6:2,8; 13:7,14; 16:8). നമ്മുടെ ശക്തികൊണ്ട് നമ്മുടെ "വസ്ത്രങ്ങൾ" ശുദ്ധീകരിപ്പാൻ നമുക്ക് കഴിയുകയില്ല; നാം ദൈവകരുണയിൽ ആശ്രയിക്കണം. രക്തത്താലുള്ള ശുദ്ധീകരണ പ്രക്രിയ കൂടാതെ, നമ്മുടെ ജീവിതം, 'കറ പുരണ്ട തുണി' പോലെ ഇരിക്കും (യെശ. 64:6; കെ.ജെ.വി). വിശുദ്ധീകരണത്തിനാവശ്യമായ വഴിയും, അവസരവും ശക്തിയും കർത്താവ് നൽകും – അങ്ങനെ അവന്റെ കൃപയാൽ പാപം മോചിക്കുന്നു. അതുകൊണ്ട്, "നമുക്ക് സന്തോഷിച്ച് ഉല്ലസിച്ച് ദൈവത്തെ മഹത്വപ്പെടുത്താം" (വാ. 7).

അതിനർത്ഥം നമ്മുടെ ഭാഗത്തു നിന്ന് ശ്രമം ഒന്നും ആവശ്യമില്ല എന്നല്ല; നമ്മുടെ രക്ഷക്ക് നമ്മുടെ ഭാഗത്തുനിന്നുണ്ടാകേണ്ട കാര്യങ്ങൾ വാക്യം 8-ൽ പറയുന്നുണ്ട്: "വിശുദ്ധന്മാരുടെ നീതി പ്രവൃത്തികൾ എന്ന ശുദ്ധവും ശുഭ്രവുമായ വിശേഷ വസ്ത്രം". "അവസാനത്തോളം വിശ്വസ്തമായും അനുസരണമായും ജീവിക്കേണ്ട അസംഖ്യം പ്രവൃത്തികളെ സൂചിപ്പിക്കുന്നതാണ് മണവാട്ടിയുടെ അസംഖ്യം നൂലുകൾകൊണ്ട് തുന്നിയ വിശേഷ വസ്ത്രം." ഓരോ നീതിപ്രവൃത്തികളും, അതായത് നാം പുറപ്പെടുവിച്ച ക്രിസ്തുവിലായതുമുതലുള്ള നീതി പ്രവർത്തികളെല്ലാം ചേർത്ത് ദൂതൻ തുന്നിച്ചേർക്കുന്നതാണ് വിവാഹവസ്ത്രം, അത് മഹത്വപ്പെടുത്തുന്നത് മണവാട്ടിക്കല്ല, മണവാളനത്രേ."

"സഭ മുഴുവനായും കാണപ്പെടുന്നത് കൂട്ടായ മിന്നിത്തിളങ്ങുന്ന... വെൺമവസ്ത്രമുള്ളവരായിട്ടാണ്."

രക്ഷയ്ക്ക് ദൈവഭാഗവും മനുഷ്യരുടെ ഭാഗവുമുണ്ട് എന്ന് പറയുന്ന വേദഭാഗം, ഇന്ന് പണ്ഡിതന്മാർക്ക് വിഷമസന്ധിയുണ്ടാക്കുന്നുണ്ട്. രക്ഷയ്ക്ക് ദൈവം എല്ലാം ചെയ്യുമെന്ന് ചിലർ പറയുന്നു, മറ്റുള്ളവർ പറയുന്നത്, മനുഷ്യർ എല്ലാം ചെയ്യണം എന്നാണ്. ഈ വൈപരീത്യത്തെ നാം നേരിടുന്നതുപോലെ ആദ്യ ക്രിസ്ത്യാനികൾ നേരിട്ടിരിക്കയില്ല. ദൈവത്തെ കൂടാതെ രക്ഷയില്ല. അതേസമയം, ഓരോ വ്യക്തിയും തീരുമാനിക്കണം അയാൾക്ക് രക്ഷ വേണോ വേണ്ടയോ എന്നത്. അതിനനുസരിച്ച് വചന പ്രകാരം നാം ജീവിതത്തെ ക്രമീകരിക്കേണ്ടിയിരിക്കുന്നു. ബർട്ടൻ കോഫ്മാൻ ഇങ്ങനെ പറഞ്ഞു: "ദൈവം (മണവാട്ടിക്ക്) വസ്ത്രം കൊടുത്തു, എന്നാൽ അവളായിരുന്നു അത് ധരിക്കേണ്ടിയിരുന്നത്."

മണവാളന്റെ വരവിനായി നാം എങ്ങനെയാണ് ഒരുങ്ങേണ്ടത്? നാം വിശ്വാസത്താലും അനുസരണത്താലുമാണ് ക്രിസ്തുവിന്റെ മണവാട്ടിയുടെ ഭാഗമായിത്തീരുന്നത്, പിന്നെ "ലോകത്താലുള്ള കളങ്കം പറ്റാതെ നാം സൂക്ഷിക്കണം" (യാക്കോ. 1:27). യോഹന്നാൻ പറഞ്ഞു, പ്രിയമുള്ളവരേ നാം ഇപ്പോൾ ദൈവമക്കളാകുന്നു. നാം ഇന്നത് ആകുമെന്ന് ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുമ്പോലെ തന്നെ കാണുന്നതാകകൊണ്ട്, അവനോട് സദൃശന്മാർ ആകുമെന്ന് നാം അറിയുന്നു. അവനിൽ പ്രത്യാശയുള്ളവൻ എല്ലാം അവൻ നിർമ്മലൻ ആയിരിക്കുന്നതുപോലെ തന്നെത്താൻ നിർമ്മലീകരിക്കുന്നു (1 യോഹ. 3:2,3).

പൗലോസ് എഴുതി, "പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്ക് ഉള്ളതുകൊണ്ട്, നാം ജഢത്തിലേയും ആത്മാവിലേയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക" (2 കൊരി. 7:1). പത്രൊസ് തന്റെ രണ്ടാം ലേഖനത്തിൽ ഇതേ പോയിന്റ് പറയുന്നുണ്ട് (2 പത്രൊ. 3:14).

ഒരു പുരുഷന് ഒരു സ്ത്രീയോട് കാണിക്കാവുന്ന ഏറ്റവും വലിയ മാന്യതയാണ് അവളോട് തന്റെ മണവാട്ടിയാകാമോ എന്ന് ചോദിക്കുന്നത്. യേശു ആ മാന്യത നമുക്ക് നൽകിയിരിക്കുകയാണ്! അത് നാം മനസിലാക്കി ആ മാന്യതയെ നമുക്ക് അനുമോദിക്കാം; നമുക്ക് നമ്മുടെ കർത്താവിന്റെ വിശുദ്ധ മണവാട്ടിയായി ജീവിക്കാം!



# ഹാറ്റി എന്ന പെൺകുട്ടി

പ്രചോദനാത്മക ഗ്രന്ഥകാരൻ, അഭിഭാഷകൻ, ബാപ്റ്റിസ്റ്റ് പുരോഹിതൻ എന്നീ നിലകളിലൊക്കെ അറിയപ്പെട്ടിരുന്ന പ്രസിദ്ധനായ അമേരിക്കക്കാരനാണു റസൽ ഹെർമൻ കോൺവെൽ (1843–1925). അദ്ദേഹം എഴുതിയ "ഏക്കേഴ്സ് ഓഫ് ഡയമണ്ട്സ്" എന്ന പുസ്തകത്തിൽ പറയുന്ന ഒരു സംഭവമുണ്ട്.

കോൺവെൽ ഫിലഡൽഫിയായിലെ ഒരു പള്ളിയിൽ പാസ്റ്ററായി സേവനമനുഷ്ഠിക്കുന്ന അവസരം. ഒരു ഞായറാഴ്ച ദിവസം ഹാറ്റി മേ വിയറ്റ് എന്ന പേരുള്ള ഒരു കൊച്ചു പെൺകുട്ടി പള്ളിമുറ്റത്തു നിന്നു വിതുമ്പി കരയുകയായിരുന്നു. ഇതു കാണുവാനിടയായ കോൺവെൽ ആ കുട്ടിയുടെ അടുത്തെത്തി വിവരം തിരക്കി. അപ്പോൾ, അവൾ വേദപാഠക്ലാസിൽ പ്രവേശനം നിഷേധിച്ച കാര്യം കരഞ്ഞുകൊണ്ടു കോൺവെല്ലിനോടു പറഞ്ഞു.

വേദപാഠക്ലാസ് നടത്തിയിരുന്ന പള്ളിയിൽ സ്ഥലസൗകര്യത്തിന്റെ കുറവുമൂലമായിരുന്നു അന്നവൾക്ക് പ്രവേശനം നിഷേധിച്ചത്. അവളെ ആശ്വസിപ്പിക്കുവാൻ വേണ്ടി അദ്ദേഹം പറഞ്ഞു: "പണമുണ്ടാകുമ്പോൾ നമുക്കു വലിയ പള്ളി പണിയാം. അപ്പോൾ ഇവിടെ വരുന്ന എല്ലാവർക്കും പ്രവേശനം ലഭിക്കും." സന്തോഷവതിയായിട്ടായിരുന്നു ഹാറ്റി അന്നു വീട്ടിലേക്കു മടങ്ങിയത്. വീട്ടിലെത്തിയ അവൾ പുതിയ പള്ളി പണിയുവാൻ വേണ്ടിയുള്ള ഫണ്ട് സമാഹരണം തുടങ്ങി. പലപ്പോഴായി അവൾക്കു ലഭിച്ച ചില്ലിത്തുട്ടുകൾ അവൾ ഒരു ചെറിയ പണപ്പെട്ടിയിൽ സൂക്ഷിച്ചു. എന്നാൽ, ഏതാനും ആഴ്ചകൾ കഴിഞ്ഞപ്പോൾ അസുഖം ബാധിച്ച് അവൾ മരണമടഞ്ഞു.

ഹാറ്റിയെ സംസ്കരിച്ച ദിവസം അവളുടെ പിതാവ് അവൾ പള്ളിപണിയുവാനായി സൂക്ഷിച്ചുവച്ചിരുന്ന നാണയത്തുട്ടുകൾ കോൺവെല്ലിനെ ഏല്പിച്ചു. ആകെയുണ്ടായിരുന്നത് അമ്പത്തിയേഴു സെന്റായിരുന്നു! അതും ഒരു സെന്റിന്റേതായ അമ്പത്തിയേഴു നാണയത്തുട്ടുകൾ. കുറെ ദിവസം കഴിഞ്ഞപ്പോൾ പള്ളിയിലെ ട്രസ്റ്റികളുടെ ഒരു മീറ്റിംഗിൽ കോൺവെൽ ഈ കഥ പറഞ്ഞു. പുതിയ ഒരു പള്ളി പണിയുവാനായി ഒരു കുരുന്നു പെൺകുട്ടി ഫണ്ടു സമാഹരണം നടത്തിയ കഥ കേട്ടപ്പോൾ ഉടനെ തന്നെ പുതിയൊരു പള്ളി പണിയണമെന്ന ആഗ്രഹം അവർക്കുണ്ടായി. അതിനുവേണ്ടി സ്ഥലം അന്വേഷിക്കുവാൻ അവർ തീരുമാനിച്ചു.

കുറേ ദിവസം കഴിഞ്ഞപ്പോൾ അവരിലൊരാൾ പള്ളിപണിയുവാൻ പറ്റിയ ഒരു സ്ഥലം കണ്ടെത്തി. ആ സ്ഥലം പള്ളി പണിയുന്നതിനു യോജിച്ച സ്ഥലമാണെന്നു കണ്ടെത്തിയ കോൺവെൽ ഉടനെ തന്നെ ആ സ്ഥലത്തിന്റെ ഉടമയെ കണ്ടു സംസാരിച്ചു. അതിനിടയിൽ ഹാറ്റി എന്ന കൊച്ചുപെൺകുട്ടി ഫണ്ടു സമാഹരിച്ച കഥയും പറഞ്ഞു. ഇതു കേൾക്കുവാനിടയായ സ്ഥലത്തിന്റെ ഉടമസ്ഥൻ പതിനായിരം ഡോളറിനു തന്റെ സ്ഥലം വിൽക്കുവാൻ തീരുമാനിച്ചു. വലിയ തുക നൽകേണ്ടിയിരുന്ന സ്ഥലം വില കുറച്ചു ലഭിക്കാനിടയായതുകൊണ്ട് അപ്പോൾത്തന്നെ കോൺവെൽ അഡ്വാൻസ് നൽകുവാൻ തീരുമാനിച്ചു. എന്നാൽ,





ഹാറ്റി സമാഹരിച്ചുവച്ചിരുന്ന അമ്പത്തിയേഴു സെന്റു മാത്രമേ അഡ്വാൻസായി സ്ഥലമുടമ സ്വീകരിച്ചുള്ളു. അയാളാകട്ടെ കോൺവെല്ലിന്റെ പള്ളിയിലെ അംഗവുമായിരുന്നില്ല. ഈ കഥ കേൾക്കുവാനിടയായ പള്ളിയിലെ ഒരംഗം പള്ളി പണിയുന്ന സ്ഥലത്തിന്റെ വിലയായ പതിനായിരം ഡോളറും നൽകി കച്ചവടം പൂർത്തിയാക്കി. അങ്ങനെ ഹാറ്റി എന്ന കൊച്ചു പെൺകുട്ടി തുടങ്ങിയ സംരംഭം വളരെ വേഗം മുന്നോട്ടു പോയി. അന്നു ഹാറ്റി യുടെ സമ്പാദ്യമായിരുന്ന അമ്പത്തിയേഴു സെന്റ് അഡ്വാൻസ് നൽകി വാങ്ങിയ സ്ഥലത്താണ് ഫിലഡൽഫിയായിലെ ടെമ്പിൾ ബാപ്റ്റിസ്റ്റ് ചർച്ച് ഇപ്പോൾ നിലകൊള്ളുന്നത്. 1891 മാർച്ച് 1-ന് ഈ ദേവാലയം ആശിർവദിക്കപ്പെട്ടപ്പോൾ അന്ന് അത് അമേരിക്കയിലുണ്ടായിരുന്ന ഏറ്റവും വലിയ പ്രൊട്ടസ്റ്റന്റ് ദേവാലയമായിരുന്നു.

ഈ ദേവാലയ നിർമിതിക്കുശേഷം ടെമ്പിൾ യൂണിവേഴ്സിറ്റിയും ഗുഡ് സെമരിറ്റൻ ഹോസ്പിറ്റലുമൊക്കെ ഈ ദേവാലയത്തിന്റെ അനുബന്ധ സ്ഥാപനങ്ങളായി ജന്മമെടുത്തു. മുപ്പത്തിയെണ്ണായിരത്തിലേറെ വിദ്യാർഥികൾ പഠിക്കുന്ന ടെമ്പിൾ യൂണിവേഴ്സിറ്റി പ്രഫഷണൽ വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകുന്ന ഒരു പബ്ലിക് യൂണിവേഴ്സിറ്റിയാണ്.

ഹാറ്റി ഒരു നല്ല കാര്യം ചെയ്തപ്പോൾ മറ്റു എത്രയോ പേർക്കാണ് നന്മ ചെയ്യുവാൻ അതു പ്രചോദനം നൽകിയത്. സമൂഹത്തിലെ വലിയവരും ചെറിയവരും ഒരുപോലെ അവളുടെ നന്മപ്രവൃത്തിയിൽ നിന്നു പ്രചോദനം സ്വീകരിച്ചു. ധാരാളം നന്മ ചെയ്തു. അങ്ങനെ സമൂഹത്തിലെ എത്രയോ പേർക്കാണ് അവൾ വഴിയായി നന്മ ഉണ്ടായത്!

ഏതു സാഹചര്യത്തിലും നല്ല കാര്യങ്ങളും നന്മ പ്രവൃത്തികൾ ചെയ്യുന്നതിലുമായിരിക്കട്ടെ നമ്മുടെ ശ്രദ്ധ മുഴുവനും. നാം ചെയ്യുന്ന നന്മപ്രവൃത്തി വളരെ ചെറുതാണെങ്കിലും അതിൽ നിന്നു നാം കരുതുന്നതിലുമേറെ നന്മകൾ ഉണ്ടാകും എന്നതിൽ സംശയം വേണ്ട. കാരണം, നാം ചെയ്യുന്ന നന്മപ്രവൃത്തികളുടെ മാഹാത്മ്യമോ അവയുടെ ഫലമോ, നമുക്കൊരിക്കലും കണക്കുകൂട്ടുവാൻ സാധിക്കില്ല. **ജെ.പി. ദീപിക**

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# യോനാച്ചനും ഉറുമ്പിന്റെ പള്ളിക്കൂടവും

കുറേ വർഷം മുമ്പാണ്. കതകിൽ നിർത്താതെ മുട്ടുന്നതു കേട്ടാണ് കാലത്തേ ഞാനുണർന്നത്. നോക്കിയപ്പോൾ അയലത്തെ ചെറുപ്പക്കാരൻ.

"എന്താടോ കാലത്തെ?"

"ചുമ്മാ ഇങ്ങോട്ടൊന്നു വന്നുവെന്നേയുള്ളു" അവൻ തലചൊറിഞ്ഞു.

"എന്താ വിശേഷം?"

"എനിക്കൊരു നൂറുരൂപ കിട്ടിയാൽ കൊള്ളാമായിരുന്നു."

"എന്താ കാര്യം?"

"ഒരിടം വരെ പോകാനായിരുന്നു"

"എന്താ നിനക്കു ജോലിയൊന്നുമില്ലേ?"

"എന്റച്ചാ ഇന്നത്തെ കാലത്ത് എവിടെനിന്നു ജോലി കിട്ടാനാ?"

"ആഹാ, ഒരു ജോലിക്കാണോ പ്രയാസം? നീ ഇവിടെ നിൽക്ക്."

ഞാൻ ഉടനെ അപ്പുറത്തു ചെന്ന് ഞങ്ങൾ അക്കരമാമാ എന്നു വിളിക്കുന്ന അച്ചായനെ വിളിച്ചുകൊണ്ടു വന്നു. എന്നിട്ടു പറഞ്ഞു. "ദേണ്ടെ, ഇവനൊരു ജോലി കൊടുക്കണമല്ലോ നമുക്ക്."

"ആഹാ, അതിനാണോ പ്രയാസം. നമുക്ക് ഇഷ്ടം പോലെ പണി കിടക്കുന്നു." പറഞ്ഞതിനൊപ്പം അക്കരമാമ ഒരു കുന്താലിയും എടുത്തുകൊണ്ടു വന്നു. അത് ആ ചെറുപ്പക്കാരന്റെ കൈയിൽ കൊടുത്തു. എന്നിട്ടു പറഞ്ഞു: " വാടാ കൂവേ നമുക്ക് കിളയ്ക്കാം."

ഓഫീസിൽ പോകാൻ സമയമായപ്പോൾ ഞാൻ ആ ചെറുപ്പക്കാരനോടു പറഞ്ഞു "ഞാൻ തിരുവല്ലയിൽ പോകുകയാണ്. വൈകിട്ടു വരുമ്പോൾ സാധാരണ നിനക്കു കിട്ടാവുന്നതിലും പത്തു രൂപ കൂട്ടിത്തരാം." തിരിച്ചെത്തിയപ്പോൾ ചെറുപ്പക്കാരനെ കാണാനില്ല. എവിടെപ്പോയെന്ന് അക്കരമാമനോടു അന്വേഷിച്ചു.

"അയാൾ നല്ലയാളാ. യോനാച്ചൻ പോയി കാൽ മണിക്കൂറു കഴിഞ്ഞപ്പോൾ അവൻ മുങ്ങി. അവനിങ്ങനെ പണി ചെയ്തുള്ള പണം വേണ്ടാത്രേ."



ഇതാണു നമ്മുടെ ചെറുപ്പക്കാരുടെ കുഴപ്പം. ജോലി കിട്ടിയിട്ടു വേണം ലീവെടുക്കാൻ എന്ന ചിന്തയാണ് പലർക്കും. അടിസ്ഥാനകാരണം മടി തന്നെ. നമ്മുടെ കൊച്ചു കേരളത്തിലെ പുതിയ തലമുറയിൽ ഒരു വിഭാഗത്തിന്റെ ചിന്ത കൈ നനയാതെ മീൻ പിടിക്കണം എന്നാണ്. എല്ലു മുറിയ പണിയാതെ പല്ലു മുറിയെ തിന്നണം, കുടിക്കണം, കൂത്താടണം. നമ്മൾ യാത്ര ചെയ്യുമ്പോൾ കാണാം. വിവിധ പട്ടണങ്ങളിൽ, നാലും കൂടിയ കവലകളിൽ നല്ല ആരോഗ്യമുള്ള ചെറുപ്പക്കാർ പത്തും ഇരുപതുമെണ്ണം പീടികത്തിണ്ണയിലും മുറുക്കാൻ കടയ്ക്കു മുന്നിലും വെറുതേ വാചകമടിച്ചോണ്ടിരിക്കുന്നത്. ഇവരൊക്കെ എട്ടുമണിക്കൂർ നല്ല വണ്ണം അധ്വാനിച്ചാൽ ജീവിക്കാനുള്ള പണം കിട്ടും. ശരീരത്തിനു നല്ല വ്യായാമം ലഭിക്കുന്നതുകൊണ്ടു രോഗവും ഉണ്ടാകില്ല. ഇതു വളരെ ഗൗരവകരമായി ചിന്തിക്കേണ്ട ഒരു കാര്യമാണ്. അധ്വാനിക്കാതെ കാശുണ്ടാക്കാൻ പണിപ്പെടുന്ന ഒരു സമൂഹമാണ് നമ്മുടെ മുന്നിൽ വളർന്നുവരുന്നത്. എളുപ്പത്തിൽ ധനികരാകാൻ പോകുമ്പോഴാണ് അവരിൽ പലരും കൊലയാളികളാകുന്നത്. കള്ളനും ക്വട്ടേഷൻ തലവനുമാകുന്നത്. അവർ എളുപ്പത്തിൽ പണക്കാരാകും എന്നതു ശരിതന്നെ. പക്ഷേ, അവർക്ക് ഒരു നല്ല ജീവിതം നയിക്കാൻ കഴിയുമോ? സമൂഹം അവരെ ഒറ്റപ്പെടുത്തും. നാട്ടുകാർ ഭീതിയോടെയും അറപ്പോടെയും വീക്ഷിക്കും. ചിന്തിക്കേണ്ടവർ നിങ്ങൾ ഓരോരുത്തരുമാണ്. മടി പിടിച്ച് അലസ മനോഭാവത്തോടെയുള്ള പ്രവൃത്തികളിലൂടെ ദൈവം നൽകിയ സുന്ദരമായ ഒരു ജീവിതം തുലയ്ക്കണോ? അതോ ഊർജസ്വലമായ ഒരു ജീവിതം നയിക്കണോ? വേദപുസ്തകം ഇങ്ങനെ പറയുന്നു: "മടിയാ, ഉറുമ്പിന്റെ അടുക്കൽ ചെല്ലുക, അതിന്റെ വഴികളെ നോക്കി ബുദ്ധി പഠിക്കുക." ഉറുമ്പുകളെ നിയന്ത്രിക്കാനാരുമില്ല. എന്നിട്ടും അവ വേനൽക്കാലത്ത് ആഹാരം ഒരുക്കുന്നു. കൊയ്ത്തു കാലത്ത് തീറ്റ ശേഖരിക്കുന്നു. ചെറുജീവിയായിട്ടും ഉറുമ്പിന് അതിന്റെ ഭാവിയെക്കുറിച്ച് എടുത്താൽ പൊങ്ങാത്ത പ്രതീക്ഷയാണുള്ളത്. അതിനാണ് അത് മഴക്കാലത്തിനുവേണ്ടി വേനൽക്കാലത്തു തന്നെ തീറ്റ ശേഖരിക്കുന്നത്.

നമ്മുടെ സമൂഹത്തിലെ മടിയന്മാർ എന്താണു ചെയ്യുന്നത്? ചുമ്മാ കിടന്നുറങ്ങും. കൃത്യസമയത്ത് എണീറ്റ് ഭക്ഷണം കഴിക്കും. വീണ്ടും കിടന്നുറങ്ങും, അല്ലെങ്കിൽ ടി.വി. കാണും. ടി.വി. കാണാൻ വൈദ്യുതി ഇല്ലെങ്കിൽ കവലയിൽ പോയി വായിൽനോക്കി നിൽക്കും. ചിലപ്പോൾ ചീട്ടു കളിക്കും. വീണ്ടും ഒന്നും ചെയ്യാനില്ലാതെ വന്നു കിടക്കയിൽ കിടക്കും. ഇങ്ങനെയുള്ളവന്റെ വീടു കാണുമ്പോൾ നമുക്ക് അറിയാം. പൊട്ടിപ്പൊളിഞ്ഞ ചുവരുകളും മേൽക്കൂരയും. മൂക്കള ഒലിപ്പിച്ച്, കീറിപ്പറിഞ്ഞ വസ്ത്രവും ധരിച്ച് നടക്കുന്ന കുട്ടികൾ. ഭാര്യയുടെ മുഖം കഷ്ടപ്പാട് കാരണം ഒട്ടി സോഡാക്കുപ്പി പോലെ. അധ്വാനിക്കാൻ മനസില്ലാത്ത, മടിയനായി ജോലി ചെയ്യുന്നവൻ ദരിദ്രനായിത്തീരും എന്ന വചനം ഇവിടെ പ്രസക്തമാകും. മല ചുമക്കുന്ന മടിയനാകാതെ എല്ലു മുറിയെ പണിത് പല്ലു മുറിയെ തിന്നുക. നിന്റെ ഭവനത്തിൽ സന്തോഷവും സമാധാനവും നിലനിൽക്കട്ടെ.

ഉറുമ്പിന്റെ പള്ളിക്കൂടം എന്ന തലക്കെട്ടിൽ കെ. പി. യോഹന്നാൻ എഴുതിയ നല്ല ചില ആലോചനകളാണ് മുകളിൽ നാം വായിച്ചത്. നല്ല ആശയങ്ങൾ എന്നത് അംഗീകരിച്ചുകൊണ്ട് കഥയിൽ നിന്ന് കാര്യത്തിലേക്ക് നമുക്ക് കടക്കാം.

തിരിച്ച് നമുക്ക് യോനാച്ചായനോട് ചോദിക്കാം, അച്ചായന് കാശിന് ആവശ്യം വരുമ്പോൾ കൂന്താലി എടുത്ത് കിളക്കാറുണ്ടോ. എല്ലു മുറിയെ പണിതാണോ പല്ലു മുറിയെ തിന്നുന്നത്? അല്ലാ എന്നത് എത്രയും വ്യക്തമല്ലേ. അപ്പോൾ കാശിനാവശ്യം വരുമ്പോൾ എന്തു ചെയ്യും. അതറിയണമെങ്കിൽ ഉറുമ്പിന്റെ പള്ളിക്കൂടത്തിൽ കയറി പഠിക്കണം. ഉറുമ്പിന്റെ തന്ത്രമറിയണം.

പാട്ടുംപാടി സമാധാനത്തോടെ ജീവിക്കുന്ന നിരുപദ്രവകാരിയായ ജീവിയാണ് ചീവീട്. മരനീരാണ് ഇഷ്ടഭക്ഷണം. ചുണ്ടുകൊണ്ട് മരത്തിന്റെ തൊലിയിൽ കുത്തിയാണ് ചീവീട് മരനീര് വലിച്ചുകുടിക്കുന്നത്. ഇങ്ങനെ ചീവീടുകൾ കുത്തുന്ന മരത്തടിയിൽ നിന്ന് നീര് പുറത്തേക്ക് ഒലിക്കുമ്പോൾ ആ നീരു കുടിയ്ക്കാൻ ഉറുമ്പുകൾ അങ്ങോട്ടെത്തും. പാവങ്ങളായ ചീവീടുകൾ തങ്ങളുടെ അദ്ധ്വാനഫലം അനുഭവിയ്ക്കാൻ ഉറുമ്പുകളെ അനുവദിക്കുന്നു. ഒന്നിനു പുറകെ ഒന്നായി ഉറുമ്പുകൾ എത്തിക്കഴിഞ്ഞാൽ അവരുടെ സ്വഭാവം മാറും. അവർ വീട്ടുകാരനായ ചീവീടുകളെ ആട്ടിപായിച്ച് മരനീര് സ്വന്തമാക്കും. ഉറുമ്പിന്റെ ഈ തന്ത്രമാണ് യോനാച്ചായനെപോലെയുള്ള സഭാനേതാക്കന്മാർ പ്രാവർത്തികമാക്കുന്നത്.

പണത്തിന് ആവശ്യം വരുമ്പോൾ പണി എടുക്കുകയല്ല, വല്ലവരും അദ്ധ്വാനിച്ചുണ്ടാക്കുന്ന പണം ദൈവത്തെ മുൻനിർത്തി തന്ത്രപൂർവം സ്വന്തമാക്കുകയാണ് ചെയ്യുന്നത്. അച്ചായൻ പറഞ്ഞതുപോലെ "കൈ നനയാതെയുള്ള മീൻ പിടിത്തം." മറ്റുള്ളവർ അദ്ധ്വാനിച്ചുണ്ടാക്കിയ സമ്പത്ത് സ്വന്തമാക്കി ആവശ്യാനുസരണം അനുഭവിക്കുന്ന ഒരു വ്യക്തിയ്ക്കു മുമ്പിൽ അത്യാവശ്യക്കാരനായ ഒരുവൻ 100 രൂപയ്ക്ക് കൈ നീട്ടുമ്പോൾ കിളയ്ക്കാൻ കുന്താലി കൊടുക്കുന്നത് കാട്ടുനീതിയാണ്. യജമാനൻ കടം ഇളച്ചുകൊടുത്ത ദാസന്റെ അതേ അനുഭവമാണ് ഇവിടെ ആവർത്തിക്കപ്പെടുന്നത്. ഭാരമുള്ള ചുമടുകൾ മറ്റുള്ളവരെക്കൊണ്ട് ചുമപ്പിക്കാൻ ഉത്സാഹം കാട്ടുകയും ഒരു വിരലുകൊണ്ടുപോലും അതിന്റെ ഭാരം ലഘൂകരിക്കാൻ ശ്രമിക്കാതിരിക്കുകയും ചെയ്യുന്നത് വഞ്ചനയാണ്.

ചീവീടുകളുടെ തീറ്റയിൽ കൈയ്യിട്ടു വാരുന്ന ഉറുമ്പുകളെ പോലെയാണ് സഭാമേധാവികൾ. യേശുവിന്റെ പ്രബോധനങ്ങളിൽനിന്ന് എത്രയോ കാതം അകലെയാണ് അവരുടെ ജീവിതം. യേശുവിനെപ്പോലെ അല്ലെങ്കിൽ അപ്പോസ്തലന്മാരെപ്പോലെ വേണ്ട ഒരു സാധാരണക്കാരനെപ്പോലെ ജീവിക്കുന്ന, അദ്ധ്വാനിക്കുന്ന, സഞ്ചരിക്കുന്ന യോനാച്ചൻ മെത്രാപ്പോലീത്തായെ സ്വപ്നത്തിലെങ്കിലും സങ്കല്പിക്കാനാവുമോ.

സഭയെ സ്ഥാപനവൽക്കരിച്ച് കോർപ്പറേറ്റുകളാക്കി മാറ്റി സ്ഥാനമാനങ്ങളും തലവരി പണവും കൊയ്തെടുക്കുന്നത് കൈ നനയാതെയുള്ള മീൻപിടുത്തംതന്നെയാണ്. എല്ലു മുറിയെ പണിചെയ്യുന്നവനെ പല്ലു മുറിയെ ചൂഷണം ചെയ്യുന്ന ദയനീയമായ കാഴ്ചയല്ലേ നാം കണ്ടുകൊണ്ടിരിക്കുന്നത്.

കോർപ്പറേറ്റ് മാനേജ്മെന്റ് രീതി നടപ്പാക്കുന്ന വ്യക്തി സാത്വികരായി ജീവിക്കുന്നവരെ ഉപദേശിക്കുന്നത് അനുചിതംതന്നെയാണ്. ഉദാത്തമായ മനസും യുക്തിബോധവും ഉള്ളവർക്ക് ഇതൊന്നും ഉൾക്കൊള്ളാൻ കഴിയില്ല. കമ്പോളയുക്തികൾ പൂർണ്ണമായി ഉൾക്കൊള്ളുകയും അത് പ്രയോഗിക്കുകയും ചെയ്തിട്ട് സാരോപദേശങ്ങളുമായി ജനസമൂഹത്തിന്റെ നേതാക്കന്മാരായി സ്വയം പ്രതിഷ്ഠിക്കാൻ നാടെങ്ങും ഉഴറി നടക്കുന്നവരുടെ വിഹാര രംഗമാണ് ഇന്ന് ആത്മീയഗോളം. ബലഹീനരായ വിശ്വാസികളുടെ ശിരസിനുമുകളിൽ ഈ പുത്തൻ കൂറ്റുകാർ തങ്ങളെ സ്വയം സ്ഥാപിക്കുന്നു.

സാമൂഹ്യപദവി ഉറപ്പിക്കുന്ന ആത്മീയ വ്യാപാരവത്ക്കരണവും വ്യാപാരവത്കൃത ആത്മീയവും ആഗോളവൽക്കരണ യുഗത്തിന്റെ സൃഷ്ടിയാണെന്ന് മനസിലാക്കാനുള്ള ജ്ഞാനം കാശുണ്ടാക്കാൻ പണിപ്പെടുന്ന സമൂഹത്തിനുണ്ടെന്നറിയുക. ഉപദേശമല്ല, ജീവിതമാതൃകയാണ് സമൂഹം ഉറ്റുനോക്കുന്നത്. ഉപദേശങ്ങളുടെ രക്ഷകർത്താക്കളായി സ്വയം അവരോധിച്ച് വിപണി മൂല്യത്തിനനുസൃതമായി വാചാലമായി ഉപന്യസിക്കുന്നവർ തങ്ങളുടെ കെട്ടുകാഴ്ചകൾക്ക് കാഴ്ചക്കാർ ഉണ്ടായേക്കാമെങ്കിലും കൗതുകമെന്നതിനപ്പുറം ഒരു യുക്തിയും അവർ അതിന് കല്പിക്കുന്നില്ലാ എന്നറിയുക.

പ്രതിഭാശാലികളായ എത്രയോ പേർ അത്യദ്ധ്വാനം ചെയ്തിട്ടും അവഗണനയുടെ കയ്പുനീർ കുടിച്ച് ദരിദ്രരായി ജീവിക്കുന്നു. എന്നിട്ടും ചിലർ കൈ നനയാതെ മീൻ പിടിച്ച് കാശുകാരായി കൂത്താടുന്നു. അവർ വെറുതെ വാചകമടിച്ചുകൊണ്ടേയിരിക്കുന്നു. അവർ അദ്ധ്വാനിച്ചാൽ ജീവിയ്ക്കാനുള്ള പണം കിട്ടും. ശരീരത്തിന് നല്ല വ്യായാമം ലഭിയ്ക്കും. രോഗവും ഉണ്ടാവുകയില്ല. യോനാച്ചായൻ പറയുന്നതുപോലെ അന്യരെ ചൂഷണം ചെയ്യാതുള്ള മാന്യമായ ജീവിതം. യോനാച്ചായനെപ്പോലെയുള്ളവർ ഗൗരവമായി ചിന്തിക്കേണ്ട കാര്യം തന്നെയാണിത്. ■

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30–ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

**ക്രിസ്തുവിന്റെ മരണത്തേയും ഉയിർപ്പിനേയും കുറിച്ച് നിങ്ങൾ വാചാലമായി സംസാരിക്കുന്നു. അതേസമയം ഇതേക്കുറിച്ച് വേദപുസ്തകത്തിൽ കാണുന്ന വൈരുദ്ധ്യങ്ങൾ തിരിച്ചറിയുന്നുമില്ല. കല്ലറയിലേക്ക് മൂന്ന് സ്ത്രീകൾ പോയെന്ന് മർക്കോസും രണ്ടുപേരെന്ന് മത്തായിയും ഒരാളെന്ന് യോഹന്നാനും പറയുന്നു. ആ ദേശത്ത് മൃതശരീരത്തിൽ തൈലം പൂശുന്നത് പതിവല്ലാതിരിക്കെ പിന്നെ എന്തിന് സ്ത്രീകൾ പോയി? ശൂന്യമായ കല്ലറ എങ്ങനെ ഉയിർപ്പിന്റെ തെളിവാകും. ഭൗതിക ശരീരം വിട്ട ആത്മശരീരിയായ യേശുവിന് എങ്ങനെ ശിഷ്യന്മാരോടൊപ്പം ഭക്ഷിക്കാൻ പറ്റും? ക്രിസ്തു സ്വാതന്ത്ര്യത്തിലേക്ക് നയിച്ചു എന്നു പറയുന്നു. മറ്റൊരിടത്ത് ദൈവത്തിന്റെ അടിമ എന്നും പറയുന്നു. ഇതൊക്കെ തികച്ചും വൈരുദ്ധ്യങ്ങളല്ലേ? ഉയിർത്തെഴുന്നേറ്റ യേശുവിനെ ശിഷ്യന്മാർപോലും തിരിച്ചറിഞ്ഞില്ലായെന്ന് മത്തായിയും ലൂക്കോസും യോഹന്നാനും പറയുന്നു. അങ്ങനെയെങ്കിൽ ശിഷ്യർ കണ്ട രൂപം യേശുവിന്റേതാണെന്ന് എങ്ങനെ പറയാൻ പറ്റും.**

***-ഹെബി പുന്നൂസ്, അങ്ങാടിയ്ക്കൽ, കൈപ്പട്ടൂർ,പത്തനംതിട്ട***

ഉത്ഥാനത്തെയും ശൂന്യമായ കല്ലറയെയും കുറിച്ചുള്ള സുവശേഷ വിവരണങ്ങൾ ചരിത്രവസ്തുതകളെ സംബന്ധിച്ച വസ്തുനിഷ്ഠമായ വിവരങ്ങളാണ് എന്നതിൽ പണ്ഡിതന്മാർ ഏകാഭിപ്രായക്കാരല്ല. ഉത്ഥാനത്തെക്കുറിച്ചുള്ള സുവിശേഷ വിവരണങ്ങളിൽ വസ്തുതാപരമായ ചില വ്യത്യാസങ്ങളുണ്ട് എന്നതാവാം ഇതിനു കാരണം. മർക്കോസ് സുവിശേഷകനും ലൂക്കോസ് സുവിശേഷകനും കല്ലറയിലേക്കു പോയ മൂന്നു സ്ത്രീകളുടെ കാര്യം പറയുമ്പോൾ മത്തായി സുവിശേഷകൻ രണ്ടു പേരെക്കുറിച്ചും യോഹന്നാൻ ഒരാളെപ്പറ്റിയുമാണ് പറയുന്നത്.

അവർ കല്ലറയിലേക്കു പോകുന്നതിന്റെ ഉദ്ദേശങ്ങളും വ്യത്യസ്തമാണ്. മർക്കോസ്, ലൂക്കോസ് സുവിശേഷകന്മാർ പറയുന്നത് അവർ മൃതശരീരത്തിൽ തൈലംപൂശാൻ പോയി എന്നാണ്. മൃതസംസ്കാരം കഴിഞ്ഞു മൂന്നാം ദിവസം ശവകുടീരത്തിൽ ചെന്നു തൈലം പൂശുന്ന പതിവു പാലസ്തീനായിൽ നിലവിലിരുന്നില്ല എന്നു ചില പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നു. (വാൾട്ടർ കാസ്പർ, യേശു കർത്താവും രക്ഷകനും പേ. 182). എന്നാൽ അവർ ശവകുടീരം സന്ദർശിക്കാനായി പോയി എന്നു മത്തായി സുവിശേഷകൻ പറയുന്നതിൽ അപാകതയൊന്നും കാണാനില്ല. കാരണം അവർ യേശുവിനെ അത്രയധികം സ്നേഹിച്ചിരുന്ന സ്ത്രീകളാണ്. എങ്കിലും യേശു ഉയിർത്തെഴുന്നേറ്റു എന്ന കാര്യം ശിഷ്യരെ അറിയിക്കാതെ സ്ത്രീകൾ ഭയപ്പെട്ടു നിശബ്ദത പാലിച്ചു എന്നാണു മർക്കോസ് സുവിശേഷകൻ രേഖപ്പെടുത്തുന്നത് (മർക്കോ. 16:8).



ഇവിടെ ഓർക്കേണ്ട ഒരു വസ്തുത, കല്ലറ ശൂന്യമായിരുന്നു എന്ന കാര്യമോ സന്ദർശിക്കുവാൻ പോയവരെക്കുറിച്ചുള്ള വിശദാംശങ്ങളോ അല്ല, യേശു ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു എന്ന കാര്യമാണ് സുവിശേഷകന്മാരുടെ മുഖ്യപ്രതിപാദനവിഷയം. ശൂന്യമായ കല്ലറ ഉത്ഥാനത്തെ സംബന്ധിച്ച തെളിവല്ല, അടയാളമാണ്.

ഉത്ഥാനത്തെ ശാസ്ത്രീയമോ, ചരിത്രപരമോ ആയ വസ്തുതകൾകൊണ്ടു തെളിയിക്കാൻ ശ്രമിക്കുന്നവരും നിരാകരിക്കാൻ ശ്രമിക്കുന്നവരും ഇന്നും ഏറെയുണ്ടാകാം. എന്നാൽ ക്രിസ്തുവിന്റെ ഉത്ഥാനത്തെ സംബന്ധിച്ചു മനസിലാക്കേണ്ടതായ ഒരു വസ്തുത ഇതു ശൂന്യമായ കല്ലറയിലുള്ള വിശ്വാസമല്ല, ജീവിക്കുന്നവനും മഹത്വപൂർണനുമായ കർത്താവിലുള്ള വിശ്വാസമാണ് എന്നതാണ്.

ചുരുക്കത്തിൽ ശൂന്യമായ കല്ലറ അതിൽത്തന്നെ ഉത്ഥാനത്തിന്റെ ഒരു തെളിവല്ല. പിന്നെ എന്തുകൊണ്ട് ആദിമസഭയുടെ പ്രഘോഷണത്തിൽ ശൂന്യമായ കല്ലറയ്ക്കു പ്രാധാന്യം വന്നു എന്നതിനു ചില പണ്ഡിതന്മാർ നൽകുന്ന വിശദീകരണം, ജറുസലെമിന്റെ അന്നത്തെ പാരമ്പര്യമനുസരിച്ച് ആരെങ്കിലും കല്ലറയിൽ മൃതദേഹം ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിൽ ഉത്ഥാനത്തെ സംബന്ധിച്ച പ്രഘോഷണം അസാധ്യമാകുമായിരുന്നു എന്നാണ്.

"ഗോതമ്പു മണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും, അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും (യോഹ. 12:24) നിലത്തുവീണ് അഴിയുന്നതു പുതിയ ജീവന്റെ മുള പൊട്ടാനായിട്ടാണെങ്കിലേ അഴുകലിന് അർഥമുള്ളു. ക്രിസ്തുവിന്റെ മരണം അനേകർക്കു ജീവനും രക്ഷയും നൽകുവാൻ വേണ്ടിയായിരുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവു ശിഷ്യന്മാരോടൊത്തു ഭക്ഷിച്ചു എന്നു സുവിശേഷകന്മാർ രേഖപ്പെടുത്തുന്നുണ്ട്. ലൂക്കോസ് സുവിശേഷകൻ ഇതിനുപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് "സ്യൂനലിസോമേനോസ് (synalizhomenos)എന്നതാണ്. അതിന്റെ വാച്യാർത്ഥം "അവരോടൊപ്പം ഉപ്പ് ഭക്ഷിക്കുക" (eating salt with them)എന്നും (Jesus of Nazareth, P271). ഇംഗ്ലീഷിൽ ഈ ശൈലിക്ക് അതിഥിയായിരിക്കുക എന്നേ അർത്ഥമുള്ളു.

പഴയ നിയമത്തിൽ ദൈവവും മനുഷ്യനുമായുള്ള സ്ഥിരമായ ഉടമ്പടിയെ 'ലവണ ഉടമ്പടി' എന്നു വിളിക്കുന്നുണ്ട് (രണ്ട് ദിനവൃത്താന്തം 13:5) അഴുകാതിരിക്കാനാണ് ഉപ്പ് ഉപയോഗിക്കുന്നത്. അന്ത്യ അത്താഴമേശയുടെ തുടർച്ചയായി വേണം ഉത്ഥാനശേഷം യേശു ശിഷ്യന്മാരോടൊത്തു ഭക്ഷണമേശ പങ്കിടുന്നതും മനസിലാക്കുവാൻ. സ്വയം പങ്കുവച്ചു കൊടുക്കുന്നതിന്റെ പ്രതീകം ആവർത്തിക്കപ്പെടുകയാണിവിടെ. പങ്കുവച്ചു കൊടുക്കുന്നതു സ്വീകരിക്കുന്നവർ അഴുകലിന്റെയും അഴുക്കിന്റെയും ലോകത്ത് നിന്നും ജീവനിലേക്കു പ്രവേശിക്കുന്നു.

ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ് എന്ന വി. പൗലോസിന്റെ വാക്കുകൾ ഉത്ഥാനത്തിന്റെ നവ്യാനുഭവത്തിലേക്കു ക്രിസ്തുവിനെ സ്വീകരിക്കുന്നവരും പ്രവേശിക്കപ്പെടുന്നു എന്നതിന്റെ സൂചനയാണ്. "ക്രിസ്തു സ്വാതന്ത്ര്യത്തിലേക്കു നിങ്ങളെ മോചിപ്പിച്ചു" (ഗലാ. 5:1) എന്നു പറയുമ്പോൾ ഇക്കാര്യം ഒന്നുകൂടി ലളിതമായി അവതരിപ്പിക്കപ്പെടുകയാണ്. എന്നാൽ സ്വാതന്ത്ര്യത്തെ സംബന്ധിച്ചു വ്യതിരിക്തമായ വ്യാഖ്യാനമാണ് പൗലോസ് അവതരിപ്പിക്കുന്നത് എന്നു മാത്രം. ഭൗതിക നേട്ടങ്ങളെ കൈയെത്തിപ്പിടിക്കാനും, ഭൗതിക സുഖങ്ങളെ പുൽകാനും ശ്രമിക്കുന്നവർ മനസിനെ മരീചികയുടെ മായാവലയത്തിൽ തളച്ചിടുകയാണ് എന്ന യാഥാർഥ്യം മനസിലാക്കിയിട്ടുള്ളവർക്കു മാത്രമേ ഈ വചനത്തിന്റെ അന്തരാർഥം പൂർണമായി ഗ്രഹിക്കാൻ സാധിക്കുകയുള്ളു.

ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നതും ദൈവം തന്നെ ആയിരുന്നതുമായ വചനമാണ് മാംസം ധരിച്ചു മനുഷ്യനായത് എന്നു യോഹന്നാൻ സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നു (യോഹ. 1:1,14). എന്നാൽ ഐഹിക ജീവിതകാലത്ത് യേശുവിന്റെ ദൈവത്വത്തെ തിരിച്ചറിഞ്ഞവർ വളരെ ചുരുക്കമായിരുന്നു. തന്റെ ദൈവത്വത്തെക്കുറിച്ച് യേശു നടത്തിയ വെളിപ്പെടുത്തലുകൾ യഹൂദർക്ക് ഇടർച്ചയ്ക്കു കാരണമാകുകയാണുണ്ടായത് (യോഹ. 8:55-59). എന്നാൽ ഉത്ഥിതനായ യേശു മനുഷ്യത്വവും ദൈവത്വവും, പരിമിതവും അപരിമേയമായതുമായ പ്രകൃതികളുടെ കൂടിച്ചേരൽ സുവിദിതമാക്കുന്നു. അതുകൊണ്ടാകാം ശിഷ്യർക്കു ഉത്ഥിതനെ പെട്ടെന്നു തിരിച്ചറിയാൻ കഴിയാതെ പോകുന്നത് (മത്താ. 28:17; ലൂക്കോ. 24:13-35; യോഹ. 20:15).

മറിയം മഗ്ദലന അവനെ സ്വരംകൊണ്ടുപോലും തിരിച്ചറിയുന്നില്ല. പക്ഷേ, 'മറിയം' എന്ന വിളിയിൽ കലർന്നിരുന്ന സ്നേഹത്തിന്റെ ആഴം അവളുടെ ബോധമണ്ഡലത്തിൽ തിരിച്ചറിവിന്റെ സ്ഫുരണങ്ങൾ ഉണർത്തുന്നു. ഗനേസറത്ത് തടാകത്തിന്റെ തീരത്തു നിൽക്കുന്നത് കർത്താവാണ് എന്ന് ആദ്യം തിരിച്ചറിയുന്നത് യേശു സ്നേഹിച്ച ശിഷ്യനാണ് (യോഹ. 21:7). ഭക്ഷണമേശയുടെ സൗഹൃദം, പങ്കുവയ്ക്കപ്പെട്ട സ്നേഹത്തിന്റെ ഓർമകളായി മനസിൽ കിനിഞ്ഞിറങ്ങിയപ്പോഴാണ് ഇതു കർത്താവാണ് എന്ന ഉറപ്പിലേക്കു ശിഷ്യന്മാർ എത്തുന്നത് (യോഹ. 21:12) വിശ്വാസവും സ്നേഹവും തമ്മിലുള്ള അഭേദ്യതയെ സൂചിപ്പിക്കുന്നതാണ് ഈ കണ്ടുമുട്ടലുകൾ.

കൊരിന്ത്യർക്കുള്ള ഒന്നാം ലേഖനം, പതിനഞ്ചാം അധ്യായം ഒന്നുമുതൽ എട്ടുവരെ വാകൃങ്ങളിലും, ലൂക്കോ. 24:34ലും, അ.പ്ര. 9:17, 13:31, 26:16 തുടങ്ങിയ ഭാഗങ്ങളിലുമെല്ലാം യേശു പ്രത്യക്ഷപ്പെട്ടതായി പറയുന്ന ഭാഗങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് പദം "ഓഫ്തേ" എന്നതാണ്. ഈ പദത്തിന്റെ അർഥം "അവൻ കാണപ്പെട്ടു, അവൻ വെളിവാക്കപ്പെട്ടു" എന്നൊക്കെയാണ്. ദൈവിക വെളിപ്പാടുകളെ സൂചിപ്പിക്കാനാണ് പഴയനിയമത്തിൽ ഈ പദം ഉപയോഗിക്കുന്നത്. ഉല്പത്തി 12:7-ൽ അബ്രഹാമിന് കർത്താവു പ്രത്യക്ഷപ്പെട്ടതിനെ സൂചിപ്പിക്കാൻ ഈ പദമാണ് ഉപയോഗിച്ചിട്ടുള്ളത്. അതായത് പഴയനിയമത്തിലെ ദൈവിക വെളിപാടുകളുടെ മാതൃകയിലാണ് ക്രിസ്തു പ്രത്യക്ഷപ്പെട്ട സംഭവങ്ങളെ പുതിയനിയമം വിവരിക്കുന്നത്. ദൈവികമായ വെളിപാടുകളെല്ലാം ദൈവത്തിനു മനുഷ്യനോടുള്ള അഗാധമായ സ്നേഹത്തെയും കരുതലിനെയും വ്യക്തമാക്കുന്നവയാണ്. ഈ സ്നേഹവലയത്തിലേക്കു പ്രവേശിക്കുന്ന മനുഷ്യനു മാത്രമേ ഉത്ഥാനരഹസ്യം ഗ്രഹിക്കുവാനും വിശ്വസിക്കുവാനും സാധിക്കുകയുള്ളു.

This is The Word of God I Believe It!

# VEDABHIMANI

Annual Subscription Rs. 100/-

RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2012-14

2013 JUNE



## പൗലോസും സ്ത്രീകളും ജീവശാസ്ത്രവും

**1 തിമൊ. 2:1–7** വരെയുള്ള ഏഴ് വാക്യങ്ങളിൽ പൗലൊസ് "മനുഷ്യൻ", "മനുഷ്യർ" എന്നീ വാക്കുകൾ ഏഴ് പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. ഓരോന്നിനും – "മനുഷ്യർ", "മനുഷ്യവർഗം" എന്നർഥം വരുന്ന ഗ്രീക്ക് വാക്ക് ആന്ത്രോപോസ് ആണ് ഉപയോഗിച്ചിരിക്കുന്നത്, അതായത് ആണും പെണ്ണും എന്ന അർത്ഥത്തിലാണ് പറഞ്ഞിരിക്കുന്നത്, പൗലൊസ് ഇവിടെ ഉപയോഗിച്ച വാക്കിൽനിന്നാണ് ഇംഗ്ലീഷിലെ ആന്ത്രോപോളജി (മനുഷ്യവർഗത്തെ കുറിച്ചുള്ള പഠനം എന്ന അർഥം) എന്ന വാക്ക് ലഭിച്ചത്.

പൗലൊസ് പറഞ്ഞു: "ആകയാൽ പുരുഷന്മാർ എല്ലാടത്തും കോപവും വാഗ്വാദവും വിട്ടകന്നു വിശുദ്ധ കൈകളെ ഉയർത്തി പ്രാർത്ഥിക്കേണം എന്നു ഞാൻ ആഗ്രഹിക്കുന്നു. അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ചു ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കേണം. പിന്നിയ തലമുടി, പൊന്ന്, മുത്ത്, വിലയേറിയ വസ്ത്രം എന്നിവ കൊണ്ടല്ല, ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്കു ഉചിതമാകുംവണ്ണം സൽപ്രവൃത്തികളെ കൊണ്ടത്രെ അലങ്കരിക്കേണ്ടത്. സ്ത്രീ മൗനമായിരുന്നു പൂർണ്ണാനുസരണത്തോടുംകൂടെ പഠിക്കട്ടെ. മൗനമായിരിപ്പാൻ അല്ലാതെ ഉപദേശിപ്പാനോ പുരുഷന്റെ മേൽ അധികാരം നടത്തുവാനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല (1 തിമൊ. 2:8–12). ഇവിടെ "പുരുഷന്മാർ" അല്ലെങ്കിൽ "പുരുഷൻ", എന്നതിനു പ്രത്യേകമായ വാക്ക് ആൺ അല്ലെങ്കിൽ ഭർത്താവ് എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ആ വാക്കിന് രണ്ട് രൂപങ്ങളാണ് ഉള്ളത്, ആനർ എന്നും ആൻഡ്രൂസ് എന്നുമാണ്. അതുപോലെ, "സ്ത്രീ" അല്ലെങ്കിൽ "സ്ത്രീകൾ" എന്ന് ഉപയോഗിച്ചപ്പോൾ പൗലൊസ് സ്ത്രീക്കുള്ള പ്രത്യേക ഗ്രീക്ക് വാക്ക്: ഗുനേ, അർത്ഥമാക്കുന്നത് പെണ്ണ് അല്ലെങ്കിൽ ഭാര്യ. ആ വാക്കിൽ നിന്നാണ് സ്ത്രീകൾക്കുള്ള ഡോക്ടറെ വിളിക്കുന്ന "ഗൈനക്കോളജിസ്റ്റ്" എന്ന വാക്ക് ലഭിച്ചത്.

(തുടരും)




ധനസമ്പാദനത്തിനും സുഖലോലുപതയ്ക്കും വേണ്ടി ചെറുതും വലുതുമായ കുറ്റകൃത്യങ്ങൾ ചെയ്യുന്ന ഒരാത്മീയ നേതൃത്വമാണ് നമുക്കുള്ളത്. ചെറിയ ചെറിയ നുണകളും ചതികളും ദുരുപദേശങ്ങളും വിശ്വാസസമൂഹം സാരമില്ല എന്നു കരുതുന്നു. അർബുദം ബാധിച്ചയാൾക്കു വരുന്ന പനി മഹാരോഗത്തിന്റെ സൂചനയാണെന്നു മനസിലാക്കാതെ പാരാസെറ്റമോൾ കൊടുത്ത് നിസാരവത്കരിക്കുന്നതിനു തുല്യമാണത്.

— — — — — — — — — — — — — — — — — — —

അഷ്ടാംഗഹൃദയത്തിന് ഭ്രഷ്ട് കല്പിച്ചിട്ടുള്ള മലയാള ബ്രാഹ്മണർ വായുമുട്ടൽ വരുന്നത് ഏകാദശി നാളിലാണെങ്കിലും ധന്വന്തരി ഗുളിക സേവിക്കാതെ ഇരിക്കുകയില്ല. കായികമായ രോഗങ്ങൾക്ക് ചികിത്സാക്രമം ഏതു മതക്കാരന്റേത് എന്ന് അന്വേഷിക്കാതെ സ്വീകരിക്കുന്ന മനുഷ്യർക്ക് ആത്മാവിന്റെ രോഗചികിത്സയ്ക്ക് ഈ പ്രമാണം എന്തുകൊണ്ടു സ്വീകരിച്ചുകൂടാ?

— — — — — — — — — — — — — — — — — — — — — — — — — — — — — — — —

ഇന്ത്യയിലെ മൂന്നു പ്രധാനമന്ത്രിമാരുടെ കുടുംബത്തിൽപ്പെട്ട പെൺതരിയായ പ്രിയങ്കാ ഗാന്ധി രാഷ്ട്രീയത്തിൽ പ്രവേശിക്കുമോ ഇല്ലയോ എന്നുള്ള ചർച്ചകൾ കൊടുമ്പിരികൊണ്ടിരുന്ന കാലം. ഒരു ദേശീയ ചാനലിനു നൽകിയ അഭിമുഖത്തിൽ പ്രിയങ്ക പങ്കുവെച്ചത്, താനും അച്ഛനും അമ്മയും ചേട്ടനും അകലെയുള്ള ഒരു ഫാംഹൗസിൽ താമസിക്കുന്ന ഹൃദ്യമായ ഒരു കുടുംബത്തെക്കുറിച്ചുള്ള ചിത്രമാണ്. ഭക്ഷണമുണ്ടാക്കിത്തന്ന് സ്നേഹമായി തങ്ങളോടൊപ്പം നിറയുന്ന അമ്മയെക്കുറിച്ചുള്ള സങ്കൽപമാണ് ആ സംഭാഷണത്തിൽ പ്രിയങ്ക വ്യക്തമാക്കിയത്. പൊതുരംഗത്തെ അമ്മ അവരുടെ മനസിൽ വന്നിട്ടേയില്ല. പൊതുരംഗത്തേക്കു സോണിയാ ഗാന്ധിയെ ക്ഷണിക്കുന്നവരോടെല്ലാം അവർക്കു ദേഷ്യം തോന്നിയിരുന്നുവത്രേ! രാജ്യത്തിന്റെ പൊതുകാര്യങ്ങൾ ഇത്രമേൽ കുടുംബകാര്യമായിരുന്നിട്ടുള്ള കുടുംബത്തിൽ വളർന്ന ഒരു പെൺകുട്ടിയുടെ മനസിൽ പൊതുരംഗത്ത് സ്ത്രീകൾ വരുന്നതിനെപ്പറ്റിയുള്ള ചിന്തയല്ല, മറിച്ച് സ്ത്രീയുടെ അടുക്കളയിലെ സാന്നിധ്യവും കുടുംബം പുലർത്തുന്ന കരവിരുതുകളും മാത്രമാണ്.

പൊതുജീവിതത്തിലെ സ്ഥാനമാനങ്ങളെക്കാൾ പുരുഷന് തക്ക തുണയായി മക്കൾക്ക് നല്ല അമ്മയായി, ഒരു കുടുംബിനിയായി കഴിയുന്നതാണ് യഥാർത്ഥ ജീവിതാസ്വാദനമെന്ന്, പൊതുജീവിതത്തിൽ സമത്വത്തിനായും സംവരണത്തിനായും മുറവിളി കൂട്ടുന്ന സ്ത്രീകൾ എന്നാണ് മനസിലാക്കുന്നത്.

## നാടു നീറുമ്പോൾ

അക്രമവും അനീതിയും പെരുകുന്നു. പ്രകൃതി ദുരന്തങ്ങളാൽ ജനം വലയുന്നു. നാടു നീറുമ്പോൾ, രാജ്യം വെന്തുരുകുമ്പോൾ വീണ വായിക്കുന്ന നീറോ ചക്രവർത്തിയെപ്പോലെയാണ് വിശ്വാസികൾ പെരുമാറുന്നത്. ദേശം അന്ധകാരത്തിലാകുന്ന നാളുകളിൽ എന്താണു നമ്മുടെ നിലപാടെന്നു വ്യക്തമാക്കുകയാണ് 2 ദിനവൃത്താന്തം ഏഴാം അധ്യായം 13,14 വാക്യങ്ങളിൽ. ദൈവം അരുൾ ചെയ്യുന്നു; മഴയില്ലാതെ ആകാശം അടയുമ്പോൾ, വിളവയലുകളിൽ വെട്ടുക്കിളികൾ നിറയുമ്പോൾ, ജനത്തിനിടയിൽ മഹാമാരി പെരുകുമ്പോൾ, ജനം ദൈവസന്നിധിയിൽ ഉയർത്തപ്പെട്ട മനസുകളുടെ ഉടമയാകണം.



ദൈവത്തിന്റെ ജനം ദൈവനാമം പേറുന്ന ജനമാണ്. ദൈവനാമത്തിൽ മുന്നേറുന്നവരാണ്. പൂർവകാലങ്ങളിൽ ദൈവീക ശക്തിയിൽ വിജയങ്ങൾ നേടിയവരാണ്. അടിമത്തത്തിന്റെ ശക്തികളെ ആട്ടിയകറ്റിയവരാണ്. ദൈവനാമം അങ്കിതമായിരിക്കുന്നവർ അവനെ തേടണം. അവർ തങ്ങളെത്തന്നെ എളിമപ്പെടുത്തി പ്രാർഥിക്കണം. കർത്തൃസന്നിധിയിലുള്ള വിനയാന്വിതഭാവവും നിരന്തരമായ പ്രാർഥനയും ഒത്തുചേരുന്നിടത്താണ് ദൈവകരുണ വൻമഴപോലെ വർഷിക്കപ്പെടുക. എളിയ നിലത്തേ നീരോടൂ. ദൈവകരുണയുടെ പ്രവാഹം സുസാധ്യമാക്കുംവിധം ഹൃദയനിലങ്ങളെ തുറന്നിടുന്ന പ്രക്രിയയാണ് പ്രാർത്ഥന. ആന്തരികതയുടെ അത്തരം മണ്ണിലേക്കു ദൈവിക പ്രവാഹമുണ്ടാകുമ്പോൾ പാപക്ഷമയും ദേശസമ്പുഷ്ടിയും അവകാശമാകും.

മനുഷ്യനിൽനിന്നുയരുന്ന പ്രാർഥനകൾക്കുനേരെ ദൈവത്തിന്റെ കണ്ണും കാതും ജാഗരൂകമാണ്. അവിടുത്തെ മിഴികളും കാതുകളും ജാഗരൂകമാക്കി നിലനിർത്തേണ്ടതു ഭൂമിയുടെ വാസികളായ നമ്മുടെ കടമയാണ്. ജാഗരൂകനായ ദൈവത്തിന്റെ ആഭിമുഖ്യത്തിനു തുല്യമായ മാനുഷിക നിലപാടുകൾ ദേശത്തെ സമൃദ്ധമാക്കാം. ദൈവനാമം പേറി വിനയപ്പെടുത്തി അവനെ തേടാം. ദുർമാർഗങ്ങൾ വെടിയാം പാപക്ഷമയും ഐശ്വര്യവും കാത്തുസൂക്ഷിക്കാം.




സ്വർഗ്ഗത്തിൽ നിന്ന് തള്ളപ്പെട്ടാൽ നരകത്തിൽ. നരകത്തിലും നിർത്താൻ കൊള്ളാത്തവരുണ്ടോ.

*ടി.കെ. പ്രേമജൻ, വട്ടക്കാവ്, മേലപ്ര, കോന്നി.*

☹ **അവരാണ് ഇവിടുത്തെ ആത്മീയ അത്ഭുത വ്യാപാരികൾ.**

☺ പാപം ചെയ്യുന്നവർ കൃപയിലേക്ക് വീഴന്നു, യേശുവേ എന്ന് വിളിച്ചാൽ മാത്രം മതി എന്നൊക്കെ പഠിപ്പിക്കുന്നവരുടെ സുവിശേഷം.

*പി.റ്റി. സഖറിയ, വട്ടക്കുന്ന്, മീനടം*

☹ **മധുരമുള്ള വിഷം**

☺ ശുശ്രൂഷകന്മാരും നേതാക്കളും തമ്മിലുള്ള അകലം കുറയുന്നതായി ഒരു സഭാനേതൃത്വം അവകാശപ്പെടുന്നതിനെക്കുറിച്ച്.

*സാജു മാത്യു, നെല്ലിമുകൾ, തുവയൂർ*

☹ **പാവപ്പെട്ട ശുശ്രൂഷകന്മാരുടെ തലയിലിരുന്ന നേതൃത്വം ഇപ്പോൾ നെഞ്ചിലേക്ക് ഓടിക്കയറി അകലം കുറയ്ക്കുന്നു എന്നത് ശരിതന്നെ.**

☺ പത്രക്കാരുടെയും സഹപ്രവർത്തകരുടെയും ആക്രമണങ്ങളെ അതിജീവിച്ച് ഒരു സഭാ നേതാവ് മുന്നേറുന്നതിനെക്കുറിച്ച്.

*സൂസൻ ജോർജ്ജ്, പുല്ലാട്, കോട്ടയം*

☹ **പാമ്പുകൾ എത്രയുണ്ടായാലും "കീരി" ഒന്നുമതി.**

☺ വേർതിരിവില്ലാതെ ഒന്നായി സ്നേഹത്തോടെ ജീവിയ്ക്കണമെന്ന് യേശു പറഞ്ഞു. പക്ഷെ വിശ്വാസ സമൂഹത്തിന്റെ സ്ഥിതിയോ.

*ജോയി ശമുവേൽ. പൈങ്ങുട്ടി, പിറവം.*

☹ **കീരിയും പാമ്പും, കുറുക്കനും, കോഴിയും, കള്ളനും പിടിച്ചുപറിക്കാരനും, പീഡകനും എല്ലാം ഇവിടെ സമത്വസുന്ദരമായി വാഴുന്നത് കാണുന്നില്ലേ.**

☺ കൃപാവരപ്രാപ്തർ രോഗസൗഖ്യത്തിലും ആരോഗ്യത്തിലും മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനു കാരണം.

*ഉമ്മൻ വർഗ്ഗീസ്, ചെറുമല, കോട്ടപ്പുറം.*

☹ **ഹെൽത്താണ് "വെൽത്ത്" വർദ്ധിപ്പിക്കാൻ പറ്റിയ മാർഗ്ഗം എന്നവർ പഠിച്ചു.**

## അത്ഭുത സാക്ഷ്യം




Printed, Published and owned by Titus Karthikapally, Punnoothara, Kerala 690 516.
Printed at St. Paul's Offset Mavelikara. Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Karthikappally